
ശൃംഗം 2
ഗവ.ബോയ്സ് ഹൈസ്കൂൾ
കൊട്ടാരക്കര

# സ്കൂൾ പ്രധാന അധ്യാപിക



"കുഞ്ഞുപട്ടങ്ങൾ തയ്യാറാക്കിയ മാഗസിന്
എന്റെ എല്ലാ ആശംസകളും അറിയിക്കുന്നു."

സുഷമ എസ്

പ്രധാന അധ്യാപിക

ഗവ.ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കര

# ഹയർ സെക്കന്ററി പ്രിൻസിപ്പൽ



ഈ അധ്യയന വർഷത്തിലെ
ലിറ്റിൽ കൈറ്റ്സ് മാഗസിന് എന്റെ എല്ലാവിധ
ആശംസകളും അറിയിക്കുന്നു

ഡോ. കെ വത്സല അമ്മ
പ്രിൻസിപ്പൽ
ഗവ.ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കര

# വൊക്കേഷണൽ ഹയർ സെക്കന്ററി

# പ്രിൻസിപ്പൽ



## ചെറുപട്ടങ്ങൾ പാറിപ്പറക്കുക, നിങ്ങൾക്ക് എന്റെ എല്ലാ ആശംസകളും നേരുന്നു

ബെറ്റ്സി ആന്റണി

പ്രിൻസിപ്പൽ

ഗവ.ബോയ്സ് ഹൈസ്കൂൾ കൊട്ടാരക്കര



# അഡ്വ. സനൽകുമാർ

## (പി. റ്റി. എ പ്രസിഡന്റ്)



## അഡ്വ. സതീഷ് ചന്ദ്രൻ

## (എസ്. എം. സി ചെയർമാൻ)



# വിജയകുമാർ

## (പി. റ്റി. എ വൈസ് പ്രസിഡന്റ്)

# ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്



**റേച്ചൽ വി. പി**



**ഷീജാമോൾ എസ്**

ശൃംഗം- 2

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# 2019- 2021



# എഡിറ്റോറിയൽ ബോർഡ്



**ചീഫ് എഡിറ്റർ-** വിജയ് മാധവ് ഒ. എസ്

## സഹ എഡിറ്റർമാർ

കൈലാസ്. വി. നായർ
കാർത്തിക് ബി. എസ്
എസ്. എസ് ശാന്തനൻ
അഭയ് സന്തോഷ്
സ്വാതിഷ് രാജു ( കവർ പേജ് ഡിസൈനിങ്)
സെറിൻ എസ്
പാർവ്വതി വിജയൻ
പൂജ എസ്. എ
ലക്ഷ്മി ദിനേശ്
അർച്ചന ദേവ്



## സാങ്കേതിക സഹായങ്ങൾ

റേച്ചൽ വി. പി
ഷീജ മോൾ എസ്

# സംസ്ഥാന തലത്തിൽ പങ്കെടുത്ത പ്രതിഭകൾ



എ. ആർ സിദ്ധാർത്ഥ്

(പദ്യം ചൊല്ലൽ- മലയാളം)



ഗൗരി ഡി. എസ്

(പദ്യം ചൊല്ലൽ- കന്നട)



പ്രണവ്. എസ്. അനിൽ

(വിദ്യാരംഗം സർഗ്ഗോത്സവം
കാവ്യാലാപനം- മലയാളം)



സുരജ്. എസ്. കുമാർ

(ലിറ്റിൽ കൈറ്റ്സ്
സംസ്ഥാന ക്യാമ്പ്)

# പ്രതിഭയോടൊപ്പം







**പ്രതിഭയായ വാവ കൊട്ടാരക്കരയെ (സഹ സംവിധായകൻ) സന്ദർശിച്ചപ്പോൾ**

# ശ്രദ്ധ - "മികവിലേക്ക് ഒരു ചുവട്"













ശ്രംഗം- 2

# സ്കൂൾ അസംബ്ലി







ശൃംഗം- 2

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്







ശൃംഗം- 2

# അമ്മമാർക്കുള്ള ക്ലാസ്







# ഡിസംബർ 3

# ലോകഭിന്നശേഷിദിനം

. വൈകല്യം ഒരു വിലങ്ങുതടിയല്ല അവയെ

അതിജീവിക്കാൻ ഉദകുന്ന മാർഗങ്ങൾ

കണ്ടെത്തുക എന്നതാണ് പ്രധാനം .

. ഒരു ചക്രമുണ്ടെങ്കിൽ ഒരു വഴിയുണ്ട്.

. ഞങ്ങൾക്ക് വേണം തുല്യ അവസരങ്ങൾ,

അവകാശ സംരക്ഷണങ്ങൾ,

സമ്പൂർണ്ണ പങ്കാളിത്തം.

. ഭാവി ഞങ്ങൾക്ക് പ്രാപ്യമാണ്.

. എന്ത് നഷ്ടപ്പെടുത്തി എന്നതിലല്ല

എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം.





# ഇറാ സിൻഹാൽ



2015 ലെ സിവിൽ സർവീസ് പരീക്ഷകളിൽ ഒന്നാമതെത്തിയ ഇറാ സിൻഹാൽ.

ഈ അഭിമാനകരമായ സ്ഥാനത്ത് എത്താൻ അവൾ അവളുടെ വൈകല്യങ്ങൾക്കെതിരെ ധീരമായി പോരാടി

ശൃംഗം- 2

**ഉള്ളടക്കം**


. വൈകല്യം ഒരു വിലങ്ങുതടിയല്ല അവയെ....................17

ആമുഖം....................22

ലിറ്റിൽ കൈറ്റ്സ്....................24

റേച്ചൽ വി. പി....................24

ജെ. ആർ. സി....................25

- ശ്രീമതി. സുധർമിനി ടീച്ചർ....................25

എസ്. പി. സി....................26

C. P. O: ശിവപ്രസാദ് സാർ....................26

A. C. P. O: ഷാജി സാർ....................26

വിദ്യാരംഗം കലാസാഹിത്യവേദി....................27

-ശ്രീമതി. സിനിരമ ടീച്ചർ....................27

ഇക്കോ ക്ലബ്ബുകൾ....................28

-സെൻ. എഫ്. വർഗ്ഗീസ്സ് സാർ....................28

ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ....................29

എന്റെ സംസ്ഥാന ക്യാമ്പ് അനുഭവങ്ങൾ....................30

- സൂരജ്. എസ്. കുമാർ....................30

ഞങ്ങളുടെ സബ്ജില്ല ക്യാമ്പിലെ അനുഭവങ്ങൾ....................31

പ്രവർത്തന റിപ്പോർട്ട്....................32

ഷീജാമോൾ എസ്....................32

കഥകളി....................34

റാസ്ബെറി പൈ....................35

....................35

ജീവിതത്തിൽ നിന്നും നിങ്ങൾ പഠിച്ചതെന്ത്?....................36

*പക്വത നിർണയിക്കുന്നത് വിവിധതരം അനുഭവങ്ങളും അവയിൽ നിന്ന് പഠിച്ച പാഠങ്ങളുമാണ്, അല്ലാതെ നിങ്ങൾ ആഘോഷിച്ച പിറന്നാളുകളുടെ എണ്ണമല്ല....................36

അഭയ് സന്തോഷ്....................36

ശ്ര്ംഗം- 2


അവസാനത്തെ ഇല (കഥ).....................................................................................................37
വിജയ് മാധവ് ഒ. എസ്.....................................................................................................44
സമയത്തിന്റെ വില.....................................................................................................45
- അഭയ് സന്തോഷ്.....................................................................................................45
പൊതിച്ചോർ.....................................................................................................46
പിറ്റേന്ന് രാവിലെ ഒരു അമ്മയും കുഞ്ഞും ചോരയിൽ കുളിച്ചു കിടക്കുന്ന കാഴ്ചയാണ് ആളുകൾ കണ്ടത്. അടുത്ത കിടക്കുന്ന ഭാണ്ടകെട്ടിനരികിൽ ഒരു പൊതിച്ചോറ് തറയിൽ ചിതറിക്കിടക്കുന്നു.......... സെറിൻ .എസ്........47
സച്ചിൻ തെൻഡുൽക്കർ.....................................................................................................48
കൈലാസ്. വി. നായർ.....................................................................................................50
ജൈവവൈവിധ്യം.....................................................................................................52
വിജയ് മാധവ് ഒ. എസ്.....................................................................................................53
വെജിറ്റേറിയൻ ഡേ.....................................................................................................54
പൂജ എസ്. എ.....................................................................................................54
പ്രകൃതിക്കായി.....................................................................................................55
.....................................................................................................56
ദൃശ്യ ആർ. എം.....................................................................................................56
കാർത്തിക് ബി. എസ്.....................................................................................................57
9B.....................................................................................................57
ജവഹർലാൽ നെഹ്റു.....................................................................................................57
കൈലാസ്. വി. നായർ.....................................................................................................58
നീൽ ആംസ്റ്റ്രോംഗ്.....................................................................................................58
കാർത്തിക് ബി. എസ്.....................................................................................................59
സ്പേസ് സ്യൂട്ട്.....................................................................................................59
ദൂരെ ദൂരെ ഒരു ബാല്യം.....................................................................................................61
എസ്. എസ് ശാന്തനൻ.....................................................................................................62
അറിയാൻ.....................................................................................................62
അമൽ രാജ്.....................................................................................................63
കറുത്ത പൂവ്.....................................................................................................63
ജദീദിയ ജി. വി.....................................................................................................64
ദാരിദ്ര്യത്തിന്റെ വേദന.....................................................................................................64
.....................................................................................................64
പാർവ്വതി വിജയൻ.....................................................................................................65
പുലർ കാലം.....................................................................................................65

ശൃംഗം- 2

എസ്.എസ് ശാന്തനൻ 9B......66
നിഴൽപ്പാട്ടുകൾ......66
അരുണിമ എം. എസ്......67
ഭ്രാന്ത ചിത്തൻ......67
അർച്ചന ദേവ്......68
ഡിജിറ്റൽ പെയിന്റിംഗ്......69
സ്വാതിഷ് രാജു......71

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ .സി . ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കാൻ ലിറ്റൽ കൈറ്റ്സ് ഐ.ടി ക്ലബ് രൂപികരിച്ചു. എട്ടാം ക്ലാസ്സിലെ അവസാന പാദത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളെ തിരഞ്ഞെടുക്കുകയും ഒൻപതാം ക്ളാസിൽ എത്തുമ്പോൾ പ്രേത്യേക പരിശീലനം നൽകുകയും ചെയ്യുന്നു . മികച്ച കുട്ടികൾക്ക് സബ്ജില്ലാ,ജില്ലാ , സംസ്ഥാന തലങ്ങളിലുള്ള ക്യാമ്പുകൾ വരെ പങ്കെടുക്കുന്നതിന് പരിശീലനം നേടുന്നതിനും കഴിയുന്നു.. അനിമേഷൻ, പ്രോഗ്ഗ്രാമ്മിങ് , മൊബൈൽ ആപ്പ് നിർമാണം, ഗ്രാഫിക് ഡിസൈനിങ് , മലയാളം കമ്പ്യൂട്ടിങ് , ഹാർഡ്‌വെയർ ഇലക്ട്രോണിക്സ് ,റോബോട്ടിക്സ് , സൈബർ സുരക്ഷാ എന്നീ മേഖലകളിൽ പരിശീലനങ്ങൾ നൽകുന്നു. കൂടാതെ വിദഗ്ധരുടെ ക്ളാസ്സുകൾ , ഇൻഡസ്റ്ററികളിൽ സന്ദർശനം, ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു . കൊട്ടാരക്കര ഗവ :ബോയ്സ് ഹൈസ്കൂളിൽ 38 ലിറ്റിൽ കൈറ്റ്സ് ഉണ്ട് . ഹൈ സ്കൂൾ അദ്ധ്യാപികമാരായ ശ്രീമതി റെയ്ച്ചൽ വി . പി , ശ്രീമതി ഷീജ മോൾ .എസ് എന്നിവർ കൈറ്റ്സ് മിസ്ട്രസുമാരായി പ്രവർത്തിക്കുന്നു . വിവര വിനിമയ സാങ്കേതിക രംഗത്ത് താല്പര്യവും അഭിരുചിയും ഉള്ളവരെ കണ്ടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു . സാഗേതികവിദ്യയും സോഫ്റ്റ് വേറുകളും ഉപയിഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യവും സംസ്കാരവും വളർത്തുക . വിദ്യാലയങ്ങളിലെ സാങ്കേതിക വിദ്യയും ഉപകരണങ്ങളുടെ നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക . ഉപകാരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക . പുതു തലമുറ സാങ്കേതിക ഉപകാരണങ്ങൾ പരിചയപ്പെടുന്നതിന് അവസരമൊരുക്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ .

# സ്കൂളിലെ വിവിധ ക്ലബ്ബുകൾ

# ലിറ്റിൽ കൈറ്റ്സ്

## (ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ. ടി കൂട്ടായ്മ)

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെ്റയും ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ. സി. ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കാൻ ലിറ്റൽ കൈറ്റ്സ് ഐ.ടി ക്ലബ് രൂപീകരിച്ചു.

എട്ടാം ക്ലാസ്സിലെ അവസാന പാദത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളെ തിരഞ്ഞെടുക്കുകയും ഒൻപതാം ക്ളാസിൽ എത്തുമ്പോൾ പ്രേത്യേക പരിശീലനം നൽകുകയും ചെയ്യുന്നു . മികച്ച കുട്ടികൾക്ക് സബ്ജില്ലാ,ജില്ലാ , സംസ്ഥാന തലങ്ങളിലുള്ള ക്യാമ്പുകൾ വരെ പങ്കെടുക്കുന്നതിന് പരിശീലനം നേടുന്നതിനും കഴിയുന്നു.. അനിമേഷൻ, പ്രോഗ്രാമ്മിങ് , മൊബൈൽ ആപ്പ് നിർമാണം, ഗ്രാഫിക് ഡിസൈനിങ് , മലയാളം കമ്പ്യൂട്ടിങ് , ഹാർഡ്‌വെയർ ഇലക്ട്രോണിക്സ് ,റോബോട്ടിക്സ് , സൈബർ സുരക്ഷാ എന്നീ മേഖലകളിൽ പരിശീലനങ്ങൾ നൽകുന്നു. കൂടാതെ വിദഗ്ധരുടെ ക്‌ളാസ്സുകൾ , ഇൻഡസ്റ്ററികളിൽ സന്ദർശനം, ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു . കൊട്ടാരക്കര ഗവ :ബോയ്സ് ഹൈസ്കൂളിൽ 38 ലിറ്റിൽ കൈറ്റ്സ് ഉണ്ട് . ഹൈ സ്കൂൾ അദ്ധ്യാപികമാരായ ശ്രീമതി റെയ്ച്ചൽ വി . പി , ശ്രീമതി ഷീജ മോൾ .എസ് എന്നിവർ കൈറ്റ്സ് മിസ്ട്രസുമാരായി പ്രവർത്തിക്കുന്നു .

**റേച്ചൽ വി. പി**

# ജെ. ആർ. സി

**- ശ്രീമതി. സുധർമിനി ടീച്ചർ**

**ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക,സേവനസന്നദ്ധതയുള്ള തലമുറയെ വാർത്തെടുക്കുക,അന്താരാഷ്ട്ര സൗഹൃദം സമ്പുഷ്ടമാക്കുക എന്നീ മഹത്തായ ആദർശങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു ജീവകാരുണ്യ സംഘടനയാണ് റെഡ്ക്രോസ്സ്.ഹെൻട്രി ഡ്യൂനൻ രൂപം നൽകിയ സംഘടന ഇന്നു നമ്മുടെ ഭാരതത്തിലും മികച്ച വിജയത്തോടെ പ്രവർത്തിച്ചുവരുന്നു.1920 ൽ നമ്മുടെ ഭാരതത്തിൽ പ്രവർത്തനമാരംഭിച്ച ഈ സംഘടന അനേകം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇന്ന് ജെ ആർ സി യ്ക്ക് ശാഖകളുണ്ട്. ജില്ലാ ബ്രാഞ്ചുകളിലും താലൂക്ക് ബ്രാഞ്ചുകളിലും പ്രവർത്തിക്കുന്നു. ദേശീയ തലത്തിൽ ജെ ആർ പ്രസിഡന്റ് രാഷ്ട്രപതിയാണ്. സംസ്ഥാന തലത്തിൽ ഗവർണറും ജില്ലാ തലത്തിൽ തഹസിൽദാറും ജെ ആർ സി കമ്മറ്റികളുടെ പ്രസിഡന്റാണ്. ദുരിതാശ്വാസം, ആതുരസേവനമാതൃശിശു സംരക്ഷണം, രക്തസംഭരണം, രക്തദാനം, നേത്രദാനം, കുടുംബക്ഷേമം, ഹോം നഴ്സിങ് സർവീസ്, യൂത്ത് റെഡ് ക്രോസ്, ജൂനിയർ റെഡ് ക്രോസ് സർവീസ് തുടങ്ങിയ രംഗങ്ങളിൽ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ സജീവശ്രദ്ധ പതിഞ്ഞു കാണുന്നു. ശ്രീമതി. സുധർമിനിയുടെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന കഴിഞ്ഞ 6 വർഷങ്ങളായി എടുത്തു പറയാവുന്ന നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. സുധർമിനി ടീച്ചറുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കലയപുരം ആശ്രയ , അഞ്ചൽ അർപ്പിത തുടങ്ങിയ അനാഥാലയങ്ങൾ സന്ദർശിച്ച വസ്ത്രങ്ങളും മറ്റു വസ്തുക്കളും നൽകിയിട്ടുണ്ട്. ഇതിനു പുറമെ പരിസ്ഥിതി ശുചീകരണം, മറ്റു സാമൂഹിക പ്രവർത്തനങ്ങൾ, ക്യാമ്പുകൾ, സെമിനാറുകൾ തുടങ്ങിയ പല പ്രവർത്തനങ്ങളുടെ ജെ ആർ സി യൂണിറ്റ് വളർന്നു വരുന്നു. 8, 9, 10 ക്ലാസ്സുകളിലായി മുഴുവൻ 45 കുട്ടികളാണ് ഇപ്പോൾ നമ്മുടെ സ്കൂളിലെ ജെ ആർ സി യൂണിറ്റിലുള്ളത്. 10-ആം ക്ലാസ്സിലെ കുട്ടികൾക്കു ഗ്രേസ് മാർക്കിനുപുറമെ അവരിൽ സാമൂഹിക സംരക്ഷണ ബോധം വളർത്തിയെടുക്കുവാനും ഈ യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. ജെ ആർ സി യിലൂടെ ലഭിക്കുന്ന ഗ്രേസ് മാർക്ക് കുട്ടികൾക്ക് ഉയർന്ന ക്ലാസുകളിലേക്ക് പ്രവേശിക്കുന്നതിൽ വളരെ ഗുണം ചെയ്യുന്നു. ഇത്തരത്തിൽ വളരെ മികവോടു കൂടി ഇന്നും ജെ ആർ സി യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.**

# എസ്. പി. സി

## C. P. O: ശിവപ്രസാദ് സാർ

## A. C. P. O: ഷാജി സാർ

**നിയമത്തെ അംഗീകരിക്കുകയും സ്വമേധയാ അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേക്ഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക. സാമൂഹിക തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാകുക. ആഭ്യന്തര സുരക്ഷാ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനം, പാലനം, ഗതാഗതനിയന്ത്രണം, സാമൂഹിക സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതിസംരക്ഷണബോധം, പ്രകൃതി ദുരന്ധൻറാൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്നു പ്രവർത്തിക്കാനുമുള്ള മനോഭാവ വിദ്യാർത്ഥികളിൽ വളർത്തുക. സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃക വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക. സമൂഹത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക.**

**P- Patriotism**

**O- Open mindedness**

**L- Large- heartedness**

**I- Inclusiveness**

**C- Capability**

**E- Effectiveness**

# വിദ്യാരംഗം കലാസാഹിത്യവേദി

**-ശ്രീമതി. സിനിരമ ടീച്ചർ**

സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുമ്പോഴാണ് സമഗ്ര വിദ്യാഭ്യാസം അർഥപൂർണമാകുന്നത്. സർഗ്ഗപരവും മാനവികവുമായ എല്ലാ കഴിവുകളും കണ്ടെത്താനും പരിപോഷിപ്പിക്കാനും സഹായകമായ പ്രവർത്തനങ്ങളാണ് വിദ്യാരംഗം കലാസാഹിത്യ വേദി മുന്നോട്ട് വയ്ക്കുന്നത്. നമ്മുടെ സ്കൂളിൽ ജൂൺ മാസം മുതൽ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വായന സംസ്കാരം പ്രോത്സാഹിക്കുന്നതിനുള്ള വൈവിധ്യമാർന്ന ഇടപെടലുകൾ നടക്കുന്നു. സ്കൂൾതല സർഗ്ഗോത്സവത്തിൽ നിന്നും വിജയിച്ച കുട്ടികളെ സബ്ജില്ലാതല സർഗ്ഗോത്സവത്തിലും, ജില്ലാതല സർഗ്ഗോത്സവത്തിലും പങ്കെടുപ്പിച്ചു. കാവ്യാലാപനത്തിനു പ്രണവ്. എസ്. അനിൽ സംസ്ഥാന സർഗ്ഗോത്സവത്തിൽ പങ്കെടുത്തു. വിദ്യാരംഗം കോ ഓർഡിനേറ്റർ സിനി രമ ടീച്ചർ നേതൃത്വം നൽകുന്നു.

# ഇക്കോ ക്ലബ്ബുകൾ

**-സെൻ. എഫ്. വർഗ്ഗീസ്സ് സാർ**

മികച്ച പാരിസ്ഥിതിക പെരുമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സ്വാധീനിക്കാനും അവരുടെ മാതാപിതാക്കളെയും സമീപ പ്രദേശങ്ങളെയും ഉൾപ്പെടുത്താനും കഴിയുന്ന ഒരു ഫോറമാണിത്. ഒരു സിലബസിന്റെയോ പാഠ്യപദ്ധതിയുടെയോ പരിധിക്കപ്പുറം പാരിസ്ഥിതിക ആശയങ്ങളും പ്രവർത്തനങ്ങളും പര്യവേക്ഷണം ചെയ്യാൻ ഇത് വിദ്യാർത്ഥികളെ പ്രാപ്തരാക്കും

# ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ

**1.** ഐസിടി മേഖലയിലെ വിദ്യാർത്ഥികളുടെ സ്വാഭാവിക താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതികവിദ്യയുടെയും സോഫ്റ്റ്വെയറിന്റെയും ഉചിതമായ ഉപയോഗത്തിനായി ഒരു സംസ്കാരം സൃഷ്ടിക്കുന്നതിനും.

**2.** വിദ്യാർത്ഥികൾക്ക് അവരുടെ പഠന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനായി ഐസിടി ഉപകരണങ്ങളുടെ വ്യത്യസ്ത കാഴ്ചപ്പാടുകൾ പഠിക്കാനുള്ള അവസരം നൽകുക.

**3.** സ്കൂളുകളിലെ ഐസിടി ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് അതുവഴി സ്കൂളിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നത് ഐസിടി പ്രാപ്തമാക്കിയ പഠനമാണ്.

**4.** ഐസിടി ഉപകരണങ്ങളുടെ ചെറിയ സാങ്കേതിക പ്രശ്നങ്ങൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

**5.** ശരിയായതും സുരക്ഷിതവുമായ ഇന്റർനെറ്റ് ഉപയോഗത്തിലും സൈബർ സുരക്ഷയിലും വിദ്യാർത്ഥികളെ സമ്പന്നരാക്കുന്നതിനും ഭാഷാ കമ്പ്യൂട്ടിംഗിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനും.

**എസ്. എസ് ശാന്തനൻ**

**9B**

# എന്റെ സംസ്ഥാന ക്യാമ്പ് അനുഭവങ്ങൾ...

**- സൂരജ്. എസ്. കുമാർ**

കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഐ ടി സാക്ഷരതയ്ക്കായി രൂപീകൃതമായ സംഘടനയാണ് കൈറ്റ്സ്. അതിന്റെ ഭാഗമായി സ്കൂൾക്ലബ്ബിൽ നിന്ന് സബ്ജില്ലാ ക്യാമ്പിലേക്കും തുടർന്ന് ജില്ലാതലത്തിൽ നിന്നും ഞാൻ എന്റെ ഭാഗ്യവശാൽ സംസ്ഥാനത്തിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. ഓഗസ്റ്റ് 9, 10 ദിവസങ്ങളിൽ എറണാകുളത്തെ സ്റ്റാർട്ട് അപ്പ് മിഷൻ സെന്ററിൽ വെച്ചായിരുന്ന ക്യാമ്പ്. അതിനായ് കൊല്ലം ജില്ലയിൽ നിന്നും തിരഞ്ഞിടുക്കപെട്ട ഇരുപതുപേരെ ഒൻപതാം തിയതി അതി രാവിലെ ഞങ്ങൾ ഞങ്ങളുടെ kite അദ്ധ്യാപകരും ബസിൽ പുറപ്പെട്ടു. ഏകദേശം പതിനൊന്ന് മണിയോടെ മിഷനിൽ എത്തിച്ചേർന്ന ഞങ്ങൾ അനിമേഷൻ പ്രോഗ്രാമിങ് തുടങ്ങിയ ഗ്രൂപ്പുകളായി വേർതിരിഞ്ഞു. പിന്നീട് ബഹു. വിദ്യാഭ്യാസമന്ത്രി ക്യാമ്പ് ഉദ്ഘാടനം ചെയുകയും പ്രോജക്ടുകൾ പരിശോധിക്കുകയും ചെയ്തു. പിന്നീട് ആധുനിക കംബ്യൂറ്റിംഗ് രംഗത്തിലെ പുത്തനാറിവുകൾ നൽകുന്ന പലക്ലാസ്സുകൾ ഞങ്ങൾക്കു ലഭിച്ചു. തുടർന്നു ഫൈംലാബും സ്റ്റോർകേപ് ലാബും സന്ദർശിച് ഒന്നാം ദിവസം ഏഴുമണിയോടെ അവസാനിപ്പിച് ഞങ്ങൾ താമസസ്ഥലത്തേക് തിരിക്കുകയും പത്താം തിയതി രാവിലെ പ്രഭാത കൃത്യങ്ങൾക്കുശേഷം ഒന്പതുമണിക് ആൻഡ്രോയിഡിനെ കുറിച്ചും ആൻഡ്രോയിഡ് സ്റ്റുഡിയോയെകുറിച്ചും AI കുറിച്ചുമുള്ള ക്ലാസുകൾ ഞങ്ങള്കുലഭിച്ചു മഴക്കെടുതിയായതിനാൽ ഉച്ചതിരിച് നാട്ടിലേക്കു തിരിക്കുകയും എട്ടരമണിയോടെ തിരിച്ചെത്തുകയും ചെയ്തു കൂട്ടുകാരുമൊത്തുള്ള ആ രണ്ടുദിവസ ക്യാമ്പ് വളരെ രസകരമായിരുന്നു. ഇത്തരത്തിലുള്ള ഒരു ക്യാമ്പ് ലഭിച്ചതിൽ ഞാൻ എന്നും സന്തോഷിക്കുന്നു. ഇത്തരത്തിലൊരവസരം നൽകിയതിലും എല്ലാസഹായങ്ങൾ

ശ്രംഗം- 2

നൽകിയ ഞങ്ങളുടെ little kites ടീച്ചറായ റേച്ചൽ ടീച്ചറിനെയും എല്ലാടീച്ചർമാരെയും ക്ലാസ്സ്ടീച്ചറിനും നന്ദിയറിയകുന്നു

# ഞങ്ങളുടെ സബ്ജില്ല ക്യാമ്പിലെ അനുഭവങ്ങൾ

**23/11/2019** ശനിയാഴ്ച ഞാനുൾപ്പെടെ ശാന്തനൻ, കൈലാസ്, കാർത്തിക്, ലക്ഷ്മി, പാർവ്വതി, അർച്ചന, ദൃശ്യ എന്നിവർ നെടുവത്തൂർ ഈശ്വരവിലാസം സ്കൂളിൽ എത്തിച്ചേർന്നിരുന്നു. ആ സ്കൂളിന്റെ പ്രധാനാധ്യാപികയായിരുന്ന ഞങ്ങൾക്ക് സ്വാഗതം പറഞ്ഞത്. മറ്റ് അധ്യാപകർ ആശംസയേകുകയും ചെയ്തു. ഐ. ക്യു ടെസ്റ്റിന്റെ ഭാഗമായി നാലുപേരുടെ ചിത്രങ്ങൾ തന്നു. അധ്യാപകർ ഞങ്ങൾക്ക് അവരെ പരിചയപ്പെടുത്തി തന്നു. നമ്മൾ ഗൂഗിളിൽ എന്ത് സെർച്ച് ചെയ്യാത്തലും ആദ്യമായി വരുന്ന സൈറ്റായ വിക്കിപീഡിയയുടെ പിതാവായ "ജിമ്മി വെൽസ്", സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പിതാവായ "റിച്ചാർഡ് സ്റ്റാൾമാൻ", നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന ലിനസ് എന്ന സോഫ്റ്റ്‌വെയറിന്റെ പിതാവായ "ലിനസ് ടോർവാൾഡ്സ്", **w. w. w** എന്ന ചുരുക്കപ്പേരിൽ നമ്മൾ അറിയപ്പെടുന്ന വേൾഡ് വൈഡ് വെബ്ബിന്റെ പിതാവായ "ടിം ബെർണേഴ്സ്ലി", അതിനുപുറമെ ഐ. എസ്. ആർ. ഒ ചെയർമാനായ കെ. ശിവനെയും പരിചയപ്പെടുത്തി. ഇവരുടെ നാലുപേരുടെയും ചിത്രങ്ങൾ പസ്സിലുകളായി തന്ന അത് എങ്ങനെ യോജിപ്പിക്കാമെന്ന് ഇങ്ക് സ്കേപ്പിലൂടെ ഒരു വർക്ക് തന്നു. ക്രിറ്റ എന്ന അപ്ലിക്കേഷനിലൂടെ എങ്ങനെ ഒരു ചിത്രത്തെ എഡിറ്റ് ചെയ്യാമെന്ന് പഠിപ്പിച്ചു തന്നു. ഞങ്ങളെ രണ്ടു ഗ്രൂപ്പാക്കിയ(അനിമേഷൻ/പ്രോഗ്ഗ്രാമിങ്) ശേഷം രണ്ടു ഹാളിൽ കൊണ്ടുചെന്നു. അനിമേഷനിലെ വിദ്യാർത്ഥികളെ  പഠിപ്പിച്ചത് സജീവ് സാറും, ബിജി ടീച്ചറും, ആശ ടീച്ചറും ആയിരുന്നു. പ്രോഗ്രാമിങ്ങിലെ വിദ്യാർത്ഥികളെ പഠിപ്പിച്ചത് അഭിഷേക് സാറും, ഷിനു സാറും, ആശ ടീച്ചറും ആയിരുന്നു  അദ്ധ്യാപകർ പഠിപ്പിച്ചതിനനുസരിച്ച് ഞങ്ങൾ മുന്നേറി. ഇത്രയും നല്ല അവസരം ഞങ്ങൾക്ക്

**നേടിത്തന്ന റേച്ചൽ ടീച്ചറിനും ഷീജ ടീച്ചറിനും നന്ദി............**

**വിജയ് മാധവ് ഒ. എസ്**

**9B**

# പ്രവർത്തന റിപ്പോർട്ട്

2019- 2021 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ 18. 06. 2019- ൽ ഹെഡ്മിസ്ട്രസ് സുഷമ ടീച്ചർ, സ്കൂൾ ലെവൽ പ്രിലിമിനറി ക്യാമ്പ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രസ്തുത ക്യാമ്പിൽ കുട്ടികൾക്കുവേണ്ടി അനിമേഷൻ, പ്രോഗ്രാമിംഗ് തുടങ്ങിയ ക്ലാസ്സുകൾ കൈറ്റ് മിസ്ട്രസുമാരായ റേച്ചൽ ടീച്ചറിൻറെയും ഷീജാമോൾ എസ്സിൻറെയും നേതൃത്വത്തിൽ നടന്നു. തുടർന്നു ലിറ്റിൽ കൈറ്റ്സിൻറെ ക്ലാസ്സുകളിൽ അനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളം കംപ്യൂട്ടിംഗ് തുടങ്ങിയവയിൽ വിശദമായ പരിശീലനം നൽകി.

സബ്ജില്ലാ ഐ. ടി മത്സരങ്ങളിൽ അനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളം കംപ്യൂട്ടിംഗ്, ഡിജിറ്റൽ പെയിൻറിംഗ്, ക്വിസ് കോമ്പറ്റീഷൻ തുടങ്ങിയ മത്സര ഇനങ്ങളിലേക്ക് 5 വിദ്യാർത്ഥികൾ പങ്കെടുത്തു. അതിൽ മലയാളം കംപ്യൂട്ടിംഗ്, ഡിജിറ്റൽ പെയിൻറിംഗ്, ക്വിസ് എന്നീ ഇനങ്ങൾ ജില്ലാ തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം 25. 10. 2019- ൽ അമ്മമാർക്കുള്ള കംപ്യൂട്ടർ പരിശീലനം ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ നൽകി. 4. 10. 2019- ൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തലച്ചിറ സ്കൂൾ കൈറ്റ് മാസ്റ്ററായ സജീവ് സാർ വീഡിയോ എഡിറ്റിംഗിൻറെ ക്ലാസ്സ് നയിച്ചു.

നവംബർ 23, 24 തീയതികളിൽ ഈ. വി. എച്ച്. എസ്. എസ് നെടുവത്തൂരിൽ നടത്തിയ സബ്ജില്ലാ ക്യാമ്പിലേക്ക് 8 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പങ്കെടുക്കുകയും, പരിശീലനം കിട്ടിയ അംഗങ്ങൾ മറ്റ് കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

തുടർന്ന് 2019- 22 വർഷത്തെ പുതിയ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ഹെഡ്മിസ്ട്രസ് സുഷമ ടീച്ചർ ഉദ്ഘാടനം ചെയ്തു. 34 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത ക്യാമ്പിൽ എം. എ. എം. എച്ച്. എസ് ചെങ്ങമനാട് സ്കൂളിലെ കൈറ്റ്മിസ്ട്രസ് മിൻറു മെറിൻ മാത്യു ടീച്ചർക്കൊപ്പം കൈറ്റ്മിസ്ട്രസുമാരായ റേച്ചൽ വി. പി, ഷീജാമോൾ എസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ഷീജാമോൾ എസ്

കൈറ്റ് മിസ്ട്രസ്

ഗവ. ബി. എച്ച്. എസ് & വി. എച്ച്. എസ് കൊട്ടാരക്കര

# എഴുത്തിലേക്ക് കടക്കാം...

# കഥകളി

ഒരു സമ്പൂർണ ദൃശ്യകല കേരളത്തിലെ തനതായ ദൃശ്യകളായാണ് കഥകളി. കേരളത്തിലെ ക്ഷേത്രങ്ങളുടെയും തറവാടുകളുടെയും മതിലകങ്ങളിൽ നിന്ന് ആഗോളതലത്തിൽ തന്നെ ആസ്വാദക ലക്ഷങ്ങളെ സൃഷ്ടിച്ചെടുത്ത ഒരു കലാരൂപമായി കഥകളി മാറിയിരിക്കുന്നു. ഒരു പക്ഷേ കേരളത്തിലെ ദൃശ്യകലാസാമ്പത്തിന്റെ പര്യായം തന്നെയാണ് കഥകളി.

പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പിറന്ന രാമനാട്ടം എന്ന കലാരൂപമാണ് കഥകളിയുടെ ആദ്യ രൂപം. കൃഷ്ണനാട്ടത്തിൽ കൃഷ്ണന്റെ കഥയായിരുന്നു പറഞ്ഞിരുന്നത്. കൊട്ടാരക്കര തമ്പുരാൻ ആസ്ഥാനത്തു രാമന്റെ കഥകൾ രചിച്ചു. അങ്ങനെ രാമനാട്ടം ഉണ്ടായി ആ രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി രൂപാന്തരപ്പെട്ടത്.പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കോട്ടയത്തു തമ്പുരാന്റെ കാലത്താണ് രാമനാട്ടം കഥകളിയായി പരിണമിച്ചതെന്നാണ് വിശ്വാസം. തമ്പുരാൻ രാമായണം കഥക്ക് പകരം മഹാഭാരതം കഥയെ അവലംബിക്കുകയായിരുന്നു. തിരുവിതാംകൂറിലെ ധർമ്മരാജാവാണ് കഥകളിയെ പിന്നീട് പ്രചരിപ്പിച്ചത്. അദ്ദേഹം ഒരു കഥകളി കേന്ദ്രം തന്നെ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ സദസ്യനായിരുന്ന ഉണ്ണായിവാര്യരാണ് നളചരിതം ആട്ടക്കഥ രചിച്ചത്. പച്ച,കത്തി ,കരി,താടി,മിനുക്ക്,എന്നിവയാണ് കഥകളി വേഷങ്ങൾ.ഇതിൽ താടിക്ക് ചുവന്ന താടി ,കറുത്ത താടി,വെള്ളത്താടി,എന്നീ മൂന്നുതരത്തിലുണ്ട്.

കഥകളിചടങ്ങുകൾ:കേളികൊട്ട്,അരങ്ങുകളി,തോടയം,വന്ദനശ്ലോകം,പുറപ്പാട്,മേളപ്പദം,കഥാരംഭം, സാരി,കുമ്മി,ധനാശി എന്നിവയാണ് കഥകളിയിലെ പ്രധാനചടങ്ങുകൾ.

ആംഗികം,വാചികം,സ്വാതികം,ആഹാര്യം എന്നിങ്ങനെയുള്ള നാലുവിധ അഭിനയരീതികളും സമന്വയിക്കുന്ന ഒരു കലാരൂപമാണ് കഥകളി.അതിൽ കൊട്ടും പാട്ടും മുദ്രകളുമുണ്ട്.നൃത്തം,ഗീതം,വാദ്യം എന്നിവ ഒത്തുചേർന്ന അപൂർവ്വമായൊരു കലാരൂപമാണ് കഥകളി.കേരളത്തിന്റെ തനത് നാടോടി പാരമ്പര്യങ്ങളിൽ നിന്ന് ഊർജം സ്വായത്തമാക്കി വളർന്ന കലാരൂപമാണ് കഥകളി. ഇത് കേരളത്തിന്റെ ദൃശ്യകലയെയും സാഹിത്യത്തെയും ഒരുപോലെ സമ്പുഷ്ടമാക്കി.

**കൈലാസ്. വി. നായർ**
**9B**

# റാസ്ബെറി പൈ

സ്കൂളുകളിലും വികസ്വര രാജ്യങ്ങളിലും അടിസ്ഥാന കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി റാസ്ബെറി പൈ ഫൗണ്ടേഷൻ യുണൈറ്റഡ് കിംഗ്ഡത്തിൽ വികസിപ്പിച്ചെടുത്ത ചെറിയ സിംഗിൾ ബോർഡ് കമ്പ്യൂട്ടറുകളുടെ ഒരു പരമ്പരയാണ് റാസ്ബെറി പൈ. യഥാർത്ഥ മോഡൽ പ്രതീക്ഷിച്ചതിലും വളരെ പ്രചാരത്തിലായി, ടാർഗെറ്റ് മാർക്കറ്റിന് പുറത്ത് വിൽക്കുന്ന റോബോട്ടിക്സ് പോലുള്ള ഉപയോഗങ്ങൾക്ക്. ഇതിൽ പെരിഫെറലുകൾ (കീബോർഡുകളും എലികളും പോലുള്ളവ) അല്ലെങ്കിൽ കേസുകൾ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും, ചില ആക്സസറികൾ ഔദ്യോഗികവും അനൗദ്യോഗികവുമായ ബണ്ടിലുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാസ്ബെറി പൈയുടെ പിന്നിലുള്ള സംഘടനയിൽ രണ്ട് ആയുധങ്ങളുണ്ട്. ആദ്യത്തെ രണ്ട് മോഡലുകൾ വികസിപ്പിച്ചെടുത്തത് റാസ്ബെറി പൈ ഫൗണ്ടേഷനാണ്. പൈ മോഡൽ ബി പുറത്തിറങ്ങിയതിനുശേഷം, മൂന്നാമത്തെ മോഡലായ ബി+ വികസിപ്പിക്കുന്നതിനായി ഫൗണ്ടേഷൻ റാസ്ബെറി പൈ ട്രേഡിംഗ് സ്ഥാപിച്ചു, എബൻ ആപ്റ്റൺ സിഇഒ ആയി. സ്കൂളുകളിലും വികസ്വര രാജ്യങ്ങളിലും അടിസ്ഥാന കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു വിദ്യാഭ്യാസ ചാരിറ്റിയാണ് ഫൗണ്ടേഷൻ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം റാസ്ബെറി പൈ ട്രേഡിംഗിന്.

റാസ്ബെറി പൈ ഫൗണ്ടേഷന്റെ കണക്കനുസരിച്ച്, 2015 ഫെബ്രുവരിയിൽ 5 ദശലക്ഷത്തിലധികം റാസ്ബെറി പിസ് വിറ്റഴിക്കപ്പെട്ടു, ഇത് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ബ്രിട്ടീഷ് കമ്പ്യൂട്ടറായി മാറി. 2016 നവംബറോടെ അവർ 11 ദശലക്ഷം യൂണിറ്റുകളും 2017 മാർച്ചോടെ 12.5 മീറ്ററും വിറ്റു, ഇത് മൂന്നാമത്തെ മികച്ചതായി മാറി "പൊതുവായ ഉദ്ദേശ്യ കമ്പ്യൂട്ടർ" വിൽക്കുന്നു. 2017 ജൂലൈയിൽ വിൽപ്പന ഏകദേശം 15 ദശലക്ഷത്തിലെത്തി. 2018 മാർച്ചിൽ വിൽപ്പന 19 ദശലക്ഷത്തിലെത്തി.വെയിൽസിലെ പെൻകോയിഡിലുള്ള ഒരു സോണി ഫാക്ടറിയിലാണ് മിക്ക പിസും നിർമ്മിക്കുന്നത്. ചിലത് ചൈനയിലും ജപ്പാനിലും നിർമ്മിക്കുന്നു.

# ജീവിതത്തിൽ നിന്നും നിങ്ങൾ പഠിച്ചതെന്ത്?

*നിങ്ങൾക്ക് എന്തെല്ലാമുണ്ടെന്നതല്ല, ആരെല്ലാമുണ്ടെന്നാണ് പ്രധാനം.

*പ്രതികരിക്കുന്നത് ചിന്തിക്കുന്നതിനേക്കാൾ എളുപ്പം.

*പണം നോക്കി വിലയിരുത്തുന്നത് വികലമാണ്.

*കഷ്ടകാലത്തു കൈവിടുമെന്നു നാം കരുതുന്നവരാകാം;നമ്മെ കൈപിടിച്ച് ഉയർത്തുന്നത്.

*എത്ര അകന്നിരുന്നാലും യഥാർത്ഥ സൗഹൃദം വളരും.

*ഉയർന്ന പരീക്ഷാ യോഗ്യതകൾ നിങ്ങളെ യോഗ്യനാക്കണമെന്നില്ല.

*എനിക്കേറ്റവും ഇഷ്ടപെട്ട വസ്തുത്തിലായിരിക്കാം ഏറ്റവും കൂടുതൽ തുളകൾ.

*വ്യക്തികൾക്ക് അവരുടെ പ്രവർത്തികളെക്കാൾ സ്ഥാനം നൽകേണ്ട സന്ദർഭങ്ങൾ ഉണ്ടാവാം.

*നിങ്ങളുടെ കഴിവ് അന്യരുടെ പരമാവധി കഴിവുമായി താരതമ്യപ്പെടുത്തേണ്ട.

*പക്വത നിർണയിക്കുന്നത് വിവിധതരം അനുഭവങ്ങളും അവയിൽ നിന്ന് പഠിച്ച പാഠങ്ങളുമാണ്, അല്ലാതെ നിങ്ങൾ ആഘോഷിച്ച പിറന്നാളുകളുടെ എണ്ണമല്ല.

**അഭയ് സന്തോഷ്**

9B

# അവസാനത്തെ ഇല (കഥ)

**കലയിൽ താത്പര്യമുള്ള ധാരാളം ആളുകൾ ഗ്രീൻവിച്ച് ഗ്രാമത്തിലേക്ക് വന്നിരുന്നു. ഗ്രാമത്തിലെ വിലക്കുകളില്ലാത്ത ജീവിതം അവർ ഇഷ്ടപ്പെട്ടു. അസംഖ്യം കലാകാരന്മാരോടൊത്തുള്ള ജീവിതവും അവർ ആസ്വദിച്ചു. കെട്ടിടങ്ങളും മുറികളുമൊക്കെ പലപ്പോഴും പഴയതും വൃത്തിയില്ലാത്തതുമായിരുന്നു. എന്നാൽ ഇത് ആ സ്ഥലത്തോടുള്ള താത്പര്യം വർദ്ധിപ്പിച്ചതേയുള്ളൂ.**

**ചുടുകട്ട കെട്ടിയ ഒരു പഴയ മൂന്നുനില കെട്ടിടത്തിന്റെ ഏറ്റവും മുകളിലത്തെ നിലയിലായിരുന്നു സൂവിനും ജോവാനയ്ക്കും അവരുടെ സ്റ്റുഡിയോ ഉണ്ടായിരുന്നത്. ജോവാനയുടെ അറിയപ്പെടുന്ന പേര് ജോൺസി എന്നായിരുന്നു. ഒരാൾ 'മെയിൻ' സംസ്ഥാനക്കാരിയും മറ്റേയാൾ കാലിഫോർണിയയിൽ നിന്നുള്ളവളുമായിരുന്നു. എയിറ്റ്ത്ത് സ്ട്രീറ്റിലെ ഒരു ഹോട്ടലിലെ ലഘുഭക്ഷണശാലയിലാണ് അവർ കണ്ടുമുട്ടിയത്. കലാകാരികളായ അവർ ഇരുവരും ജീവിതവൃത്തി തേടി ഈയിടയാണ് ന്യൂയോർക്കിൽ എത്തിച്ചേർന്നത്. അത് മെയ്യ് മാസത്തിലായിരുന്നു. നവംബറിൽ, ഡോക്ടർമാർ ന്യുമോണിയ എന്നു വിളിച്ച് തണുപ്പുള്ള അദൃശ്യനായ ഒരു അപരിചിതൻ, അവന്റെ മഞ്ഞുപോലുള്ള കൈവിരൽക്കൊണ്ട് പട്ടണത്തിൽ അവിടെയും ഇവിടെയും ഓരോരുത്തരെ സ്പർശ്ശിച്ച് കൊണ്ട് പതുങ്ങി നടന്നു. ''അവൾ ..... അവൾ ഒരു ദിവസം '' Bay of Naples '' പെയിന്റ് ചെയ്യണമെന്ന് ആഗ്രഹിച്ചു'', സൂ പറഞ്ഞു .**

**''അതല്ല, എന്തെങ്കിലും കൂടുതൽ പ്രധാനപ്പെട്ടത് - അതായത്, ഉദാഹരണമായി 'ഒരാൾ'?''**

**''ഇല്ല''**

'' ശരി, അപ്പോൾ പിന്നെ ക്ഷീണം കൊണ്ടായിരിക്കും'', ഡോക്ടർ പറഞ്ഞു. ''പക്ഷെ എപ്പോഴെങ്കിലും എന്റെ രോഗികൾ അവരുടെ അവസാന നിമിഷങ്ങൾ എണ്ണി തുടങ്ങിയാൽ രോഗശമനം വരുത്താനുള്ള മരുന്നിന്റെ ശക്തിയിൽ അമ്പതു ശതമാനം കുറവ് വരുത്തും. അവളെ എന്തെങ്കിലും കാര്യത്തിൽ തല്പരയാക്കാൻ നിങ്ങൾ വിജയിച്ചാൽ, ഉദാഹരണത്തിന്, സ്ത്രീകളുടെ വസ്ത്രധാരണത്തിലെ ഏറ്റവും പുതിയ സ്റ്റൈലിനെകുറിച്ചോ മറ്റോ ചോദിച്ച് അവളുടെ താല്പര്യം ഉണർത്തിയത് - പത്തിൽ ഒന്നിന് പകരം, അഞ്ചിൽ ഒന്ന് സാധ്യത ഞാൻ അവൻ ജോൺസിയേയും തൊട്ടു. പെയിന്റടിച്ച തന്റെ ഇരുമ്പ് കട്ടിലിൽ, ചലിക്കാനാകാതെ മറുവശത്തുള്ള കെട്ടിടത്തിന്റെ ശൂന്യമായ ഭിത്തിയിലേക്കു തന്റെ മുറിയുടെ ചെറിയ ജനലിൽക്കൂടി നോക്കിക്കൊണ്ട് അവൾ കിടന്നു.

ഒരു ദിവസം രാവിലെ തിരപിറ്റേന്ന് രാവിലെ ഒരു അമ്മയും കുഞ്ഞും ചോരയിൽ കുളിച്ചു കിടക്കുന്ന കാഴ്ചയാണ് ആളുകൾ കണ്ടത്. അടുത്ത കിടക്കുന്ന ഭാണ്ടകെട്ടിനരികിൽ ഒരു പൊതിച്ചോറ് തറയിൽ ചിതറിക്കിടക്കുന്നു.......... കുപിടിച്ച ഡോക്ടർ സൂവിനെ ഹാളിലേക്ക് വിളിച്ചു. “അവൾക്ക് പത്തിൽ ഒന്നു സാധ്യതയേയുള്ളൂ'', തെർമോമീറ്ററിലെ രസനിരപ്പ് താഴ്ത്താനായി അത് കുടഞ്ഞുകൊണ്ട് ഡോക്ടർ പറഞ്ഞു.

“അവൾ ജീവിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ മാത്രമേ ആ അവസരം കിട്ടുകയുള്ളൂ. പക്ഷേ നമ്മുടെ കൊച്ചുമഹതി താൻ സുഖം പ്രാപിക്കാൻ പോകുന്നില്ല എന്ന് തീരുമാനിച്ചിരിക്കുകയാണല്ലോ. അവളുടെ മനസ്സിൽ എന്തെങ്കിലുമുണ്ടോ?”


''അവൾ..... അവൾ ഒരു ദിവസം '' **Bay of Naples** '' പെയിന്റ് ചെയ്യണമെന്ന് ആഗ്രഹിച്ചു'', സൂ പറഞ്ഞു.

''അതല്ല, എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തി.

അടുത്ത ദിവസം രാവിലെ ഉണർന്നപ്പോൾ ജോൺസി വിരസമായ തുറന്ന കണ്ണുകളോടെ ജനാലയിലേക്കു നോക്കുന്നതാണ് സൂ കണ്ടത്.

''കർട്ടനുയർത്തു. എനിക്ക് കാണണം'', ജോൺസി പതുക്കെ പറഞ്ഞു.സൂ അനുസരിച്ചു.

പക്ഷെ, ഹൊ ! പെരുമഴക്കും ശക്തമായ കാറ്റിനും ശേഷം ഒരിലമാത്രം വള്ളിയിൽ നിൽക്കുന്നുണ്ടായിരുന്നു. അവസാനത്തി ഇല. ഇപ്പോഴും കടും പച്ച നിറത്തിൽ, തറയിൽ നിന്ന് 20 അടി ഉയരത്തിൽ



അത് ധൈര്യപൂർവ്വം ഒരു ചില്ലയിൽ ചേർന്ന് നിൽക്കുന്നുണ്ടായിരുന്നു.

''ഇത് അവസാനത്തേതാണ് '', ജോൺസി പറഞ്ഞു. .രാത്രിയിൽ അത് തീർച്ചയായും വീഴുമെന്നു ഞാൻ കരുതി .ഞാൻ കാറ്റിന്റെയും മഴയുടെയും ശബ്ദം കേട്ടിരുന്നു .ഇന്ന് അത് വീഴും ,അതേസമയം തന്നെ ഞാനും മരിക്കും''.

''പ്രിയപ്പെട്ട ജോൺസി '',തന്റെ മുഖം ജോൺസിയുടെ മുഖത്തോടു തലയിണയിൽചേർത്തുവെച്ചു സൂ പറഞ്ഞു. നീ നിന്നെ കുറിച്ച് ചിന്തിക്കുന്നില്ലങ്കിൽ എന്നെ കുറിച്ച് ചിന്തിക്കൂ. ഞാൻ എന്തു ചെയ്യും? കൂടുതൽ പ്രധാനപ്പെട്ടത് - അതായത്, ഉദാഹരണമായി 'ഒരാൾ' ?''

''ഇല്ല''

'' ശരി , അപ്പോൾ പിന്നെ ക്ഷീണം കൊണ്ടായിരിക്കും'', ഡോക്ടർ പറഞ്ഞു. ''പക്ഷെ എപ്പോഴെങ്കിലും എന്റെ രോഗികൾ അവരുടെ അവസാന നിമിഷങ്ങൾ എന്നി തുടങ്ങിയാൽ രോഗശമനം വരുത്താനുള്ള മരുന്നിന്റെ ശക്തിയിൽ അമ്പതു ശതമാനം കുറവ് വരുത്തും. അവളെ എന്തെങ്കിലും കാര്യത്തിൽ തല്പരയാക്കാൻ നിങ്ങൾ വിജയിച്ചാൽ, ഉദാഹരണത്തിന് , സ്ത്രീകളുടെ വസ്ത്രധാരണത്തിലെ ഏറ്റവും പുതിയ സ്റ്റൈലിനെകുറിച്ചോ മറ്റോ ചോദിച്ച് അവളുടെ താല്പര്യം ഉണർത്തിയത് - പത്തിൽ ഒന്നിന് പകരം, അഞ്ചിൽ ഒന്ന് സാധ്യത ഞാൻ വാഗ്ദാനം ചെയ്യാം''.ഡോക്ടർ

**പോയതിനു ശേഷം സൂ സ്വന്തം മുറിയിലേക്ക് പോയിക്കരഞ്ഞു.പിന്നീട് അവളുടെ സങ്കടം പുറത്തു കാണിക്കാതിരിക്കാൻ ശ്രമിച്ചുകൊണ്ട് ചൂളംവിളിച്ച് ജോൺസിയുടെ മുറിയിലേക്കു പോയ്.**

**ജോൺസി മുഖം ജനലിനുനേരെ തിരിച്ച് പുതച്ചു കിടക്കുകയായിരുന്നു .ജോൺസി ഉറങ്ങുകയാണെന്നു വിചാരിച്ചു ,സൂ ചൂളമടിക്കുന്നതു നിർത്തി . പക്ഷെ പെട്ടന്ന് തന്നെ ഒരു നേരിയ സ്വരം പല പ്രാവിശ്യം ആവർത്തിച്ച് സൂ കേട്ടു.**

**അവൾ കിടയ്ക്കക്കരികിലേക്കു ചെന്ന്.**

**ജോൺസിയുടെ കണ്ണുകൾ വിശാലമായി തുറന്നിരുന്നു. അവൾ ജനാലയിലൂടെ പുറത്തേക്ക് നോക്കികൊണ്ട് എണ്ണുകയായിരുന്നു, പുറകോട്ട്എണ്ണുകയായിരുന്നു. ''പന്ത്രണ്ട്'', അവൾ എണ്ണി, അല്പനേരത്തിനു ശേഷം ''പതിനൊന്നു'' പിന്നീട് പത്തു, ഒൻപതു, എട്ട്, ഏഴ് എന്നിങ്ങനെ ഏതാണ്ട് ഒന്നിച്ചെണ്ണി. സു ജനലിലൂടെ പുറത്തേക്ക് നോക്കി. എന്താണ് അവിടെ എണ്ണാനുള്ളത്? ഒരു നരച്ച പിന്നാമ്പുറവും എതിരെയുള്ള വീടിന്റെ ശൂന്യമായ ഭിത്തിയുമേ അവിടെ കാണാനുണ്ടായിരുന്നുള്ളൂ. ഒരു പ്രായമായ വള്ളിച്ചെടി വേരൊക്കെ ഉണങ്ങിത്തുടങ്ങിയത്, ഭിത്തിയുടെ പകുതിഭാഗം വരെ പടർന്നു ഏറിയിരുന്നു. ശരത് കാലത്തേ തണുത്ത കാറ്റു, ചില്ലകളൊക്കെ ഏതാണ്ട് ശൂന്യമാകുന്നത് വരെ അതിന്റെ ഇലകളെ ഏറെക്കുറെ മുഴുവനായു പറത്തിക്കളഞ്ഞിരിന്നു. '' എന്താ മോളെ ഇത്? '' സൂ ചോദിച്ചു. ''ആറ്'', ജോൺസി പതുക്കെ പറഞ്ഞു,'' ഇപ്പോൾ അവ വേഗത്തിലാണ് വീഴുന്നത്. മൂന്ന് ദിവസം മുൻപ് ഏകദേശം നൂറെണ്ണം ഉണ്ടായിരുന്നു. അവ എണ്ണുമ്പോൾ എന്റെ തല വേദനിച്ചിരുന്നു. എന്നാൽ ഇപ്പോൾ കാര്യം എളുപ്പമായി. അതാ വേറൊരെണ്ണം വീഴുന്നു. ഇപ്പോൾ വെറും അഞ്ചെണ്ണമേ ഉള്ളൂ''. ''എന്താണ് അഞ്ച്, മോളെ? എന്നോട് പറയൂ!'', സൂ ചോദിച്ചു. ''ഇലകൾ. ആ ഐവി വള്ളിയിൽ അവസാനത്തെ ഇല വീഴുമ്പോൾ ഞാനും പോകണം. മൂന്ന് ദിവസമായി എനിക്ക് അത് അറിയാം. നിന്നോട് ഡോക്ടർ പറഞ്ഞില്ലേ?'', സൂ പറഞ്ഞു. '' നീ സുഖം പ്രാപിക്കുന്നതായി ആ മൂത്ത ഐവി ചെടിയുടെ ഇലകൾക്കു എന്താണ് കാര്യം? നീ ആ**

**ചെടിയെ വളരെയധികം സ്നേഹിക്കുകയും ചെയ്തിരുന്നല്ലോ. നീ ഇത്ര കഥയില്ലാത്തവൾ ആകല്ലേ. നീ വേഗം സുഖപ്പെടാനുള്ള സാധ്യത വളരെ ഏറെയാണെന്ന് ഡോക്ടർ ഇന്ന് രാവിലെ എന്നോട് പറഞ്ഞു. ഇപ്പോൾ അല്പം സൂപ് കഴിക്കാൻ ശ്രമിച്ച നോക്കു. നിനക്ക് വേണ്ടി ഇത്തിരി നല്ല വൈൻ വാങ്ങാൻ പണമുണ്ടാക്കാൻ എന്റെ ജോലിയിലേക്ക് മടങ്ങാൻ എന്നെ അനുവദിക്കൂ. ''നീ ഇനി വൈനൊന്നും വാങ്ങേണ്ട'', കണ്ണുകൾ ജനലിന് വെളിയിൽ ഉറപ്പിച്ചുകൊണ്ടു ജോൺസി പറഞ്ഞു. ''ഇതാ അടുത്തതും പോകുന്നു. ഇനി നാലെണ്ണമേ ശേഷിക്കുന്നുള്ളു. രാത്രിയാകുന്നതിനു മുൻപ് അവസാനത്തേതും വീഴുന്നത് എനിക്ക് കാണണം, അപ്പോൾ ഞാനും പോകും''. ''ജോൺസി, മോളെ'' അവളുടെ അടുത്തേക്ക് കുനിഞ്ഞുകൊണ്ടു സൂ വിളിച്ചു. ''എന്റെ ജോലി കഴിയും വരെ നീ കണ്ണുകൾ അടച്ച ജനലിലൂടെ പുറത്തേക്ക് നോക്കാതിരിക്കാം എന്ന് എനിയ്ക്ക് വാക്ക് തരാമോ? ഈ ചിത്രങ്ങൾ എനിക്ക് നാളെത്തന്നെ കൊടുക്കേണ്ടതാണ്. എനിക്ക് വെളിച്ചം അത്യാവശ്യമാണ് അല്ലെങ്കിൽ ഞാൻ ഈ കർട്ടൻ താഴ്ത്തി ഇട്ടുമായിരുന്നു''. ''നിനക്ക് വേറെ മുറയിലിരുന്നു വരച്ചുകൂടെ?'' ജോൺസി തണുപ്പൻ മട്ടിൽ ചോദിച്ചു. '' എനിക്ക് ഇവിടെ നിന്റെ അടുത്തിരിക്കാനാണ് കൂടുതൽ ഇഷ്ടം,'' സൂ പറഞ്ഞു. '' കൂടാതെ ഒന്നിനും കൊള്ളാത്ത ആ  ഐവി ഇലകളിലേക്ക് നീ നോക്കിക്കൊണ്ടിരിക്കുന്നത്  എനിക്ക് ഇഷ്ടമാവുന്നില്ല''. ''നീ ജോലി തീർത്താൽ ഉടനെ എന്നോട് പറയണം'', വെളുത്തു വിളറിയ കണ്ണുകളടച്ച നിശ്ചലയായി കിടന്നുകൊണ്ട് ജോൺസി പറഞ്ഞു ''കാരണം, ഇനിക്ക് ആ അവസാനത്തെ ഇല വീഴുന്നത് കാണണം. കാത്തിരുന്നു ചിന്തിച്ചും ഞാൻ മടുത്തു''.  '' ഉറങ്ങാൻ പറ്റുമോ എന്ന് നോക്ക്'', അൽപ്പം കഴിഞ്ഞ് സൂ പറഞ്ഞു. “ എനിക്ക് ഒരു നിമിഷം താഴത്തെ നില വരെ പോകണം, എന്റെ മോഡലായി ഇരിക്കേണ്ട മിസ്റ്റർ ബർമാനെ കാണണം. ഞാൻ ഉടനെ തന്നെ തിരിച്ചെത്തും. അനങ്ങാതെ കിടക്കണം. ജനലിലൂടെ പുറത്തേക്കു നോക്കില്ല എന്ന് എനിക്ക് ഉറപ്പ് തരണം''.**

**വൃദ്ധനായ മിസ്റ്റർ ബർമാൻ, അവർ താമസിച്ചിരുന്നതിനു താഴെയുള്ള രണ്ടാം നിലയിൽ താമസിച്ചിരുന്ന ഒരു ചിത്രകാരൻ ആയിരുന്നു. അദ്ദേഹത്തിന് അറുപത് കഴിഞ്ഞിരുന്നു. കലയിൽ അദ്ദേഹം ഒരു പരാജയം ആയിരുന്നു. ഏറ്റവും ശ്രേഷ്ഠമായ ഒരു ചിത്രം വരയ്ക്കണമെന്ന് അദ്ദേഹം എല്ലാ കാലവും ആഗ്രഹിച്ചിരുന്നു. പക്ഷേ ഇതുവരെ അതു തുടങ്ങാൻ പോലും അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. വ്യാവസായിക ആവശ്യത്തിനും പരസ്യത്തിനും വേണ്ടി വല്ലപ്പോഴുമൊക്കെ വരയ്ക്കുന്നതൊഴിച്ചാൽ വർഷങ്ങളായി അദ്ദേഹം ഒന്നും വരച്ചിരുന്നില്ല. സ്ഥിരം മോഡലുകൾക്കുള്ള പണം കൊടുക്കാൻ കഴിവില്ലാതിരുന്ന ചെറുപ്പക്കാരായ കലാകാരന്മാർക്കു മോഡലായി സേവനം ചെയ്ത് അദ്ദേഹം അല്പം പണം സമ്പാദിച്ചിരുന്നു. പക്ഷെ താൻ വരയ്ക്കാൻ പോകുന്ന ഏറ്റവും ശ്രേഷ്ഠമായ രചനയെക്കുറിച്ച് അദ്ദേഹം എല്ലായിപ്പോഴും പറഞ്ഞിരുന്നു. മറ്റുള്ളവരെ സംബന്ധിച്ച്, അയാൾ ക്രൂരനായ ഒരു ചെറു വൃദ്ധനും താൻ വളരെയധികം ഇഷ്ടപ്പെടുന്ന, തന്റെ തൊട്ടുമുകളിലുള്ള നിലയിൽ താമസിക്കുന്ന രണ്ട് ചെറുപ്പക്കാരികളായ ചിത്രകാരികളുടെ കാവൽ നായയായും സംരക്ഷകനായും കണക്കാക്കപ്പെട്ടിരുന്നു.**

**മങ്ങിയ വെളിച്ചമുള്ള തന്റെ സ്റ്റുഡിയോയിൽ സൂ ബർമാനെ കണ്ടു. ഇരുപത്തഞ്ച് വർഷമായി, താൻ പ്രതിജ്ഞ ചെയ്ത ശ്രേഷ്ഠസൃഷ്ടിയുടെ ആദ്യ വര വീണു കാണാൻ കാത്തിരിക്കുന്ന ഒരു കാൻവാസ് ആ മുറിയുടെ ഒരു മൂലയിൽ ഉണ്ടായിരുന്നു. ജോൺസിയുടെ വിചിത്രമായ ഭാവനയെക്കുറിച്ച് അവൾ അദ്ദേഹത്തോട് പറഞ്ഞു. ഒരു ഇലയെപ്പോലെ ദുർബലയും ലോലയും ആയ അവൾ, ഈ ലോകത്തിന്മേലുള്ള അവളുടെ ബലഹീനമായ പിടുത്തം അയയുമ്പോൾ അനന്തതയിലേക്ക് ഒഴുകിപ്പോകുമെന്നു അവൾ എങ്ങനെ ഭയപ്പെടുന്നു എന്നും സൂ ബർമാനോട് പറഞ്ഞു.**

**വൃദ്ധനായ ബർമൻ ഉറക്കെ ചോദിച്ചു, ''ഒരു ഉണങ്ങാറായ ചെടിയിൽ നിന്ന് ഇലകൾ കൊഴിയുന്നതുകൊണ്ടു മരിക്കുവാൻ മാത്രം വിഡ്ഢികളാണോ ഈ ലോകത്തിലുള്ള മനുഷ്യർ? ഇത്തരമൊരു കാര്യം ഞാനിതുവരെ കേട്ടിട്ടില്ലാ. അവളുടെ മനസ്സിലാക്കു ഇത്തരം ബാലിശമായ ആശയങ്ങൾ കടന്നുവരാൻ നീ എന്തിനാണ് അനുവദിക്കുന്നത്?**

**ഓ, ആ പാവം കൊച്ചു ജോൺസി '' . '' അവൾക്കു തീരെ സുഖമില്ല, തീർത്തും ക്ഷീണിതയും '', സൂ വിശതീകരിച്ചു . '' പനി അവളുടെ മനസ്സ് നിറയെ വിചിത്രമായ ഭാവനകൾ ശേഷിപ്പിച്ചിരിക്കുകയാണ് .''**

**അവർ രണ്ടുപേരും മുകളിലെത്തിയപ്പോൾ ജോൺസി ഉറങ്ങുകയായിരുന്നു .സൂ കർട്ടൻ വലിച്ചിട്ടിട്ട് അടുത്ത മുറിയിലേക്ക് വരാൻ ബെർമാനെ ആംഗ്യം കാണിച്ചുവിളിച്ചു .അവർ അവിടെനിന്നും ഭയപ്പാടോടെ ജനലിലൂടെ ആ വള്ളിച്ചെടിയിലേക്കു നോക്കി.പിന്നെ ഒന്നും മിണ്ടാതെ ഒരു നിമിഷം അവർ പരസ്പരം നോക്കി.മഞ്ഞോടുകൂടിയ ഒരു തണുത്ത മഴ പെയ്യുന്നുണ്ടായിരുന്നു.ബർമൻ ഇരിപ്പടത്തിൽ ഇരുന്നു സൂവിനുവേണ്ടി മോഡലാകാനുള്ള തയ്യാറെടുപ്പുകൾ നടത്തി.**

**അടുത്ത ദിവസം രാവിലെ ഉണർന്നപ്പോൾ ജോൺസി വിരസമായ തുറന്ന കണ്ണുകളോടെ ജനാലയിലേക്കു നോക്കുന്നതാണ് സൂ കണ്ടത്.**

**''കർട്ടനുയർത്തൂ. എനിക്ക് കാണണം'', ജോൺസി പതുക്കെ പറഞ്ഞു.സൂ അനുസരിച്ചു.**

**പക്ഷെ, ഹൊ ! പെരുമഴക്കും ശക്തമായ കാറ്റിനും ശേഷം ഒരിലമാത്രം വള്ളിയിൽ നിൽക്കുന്നുണ്ടായിരുന്നു. അവസാനത്തി ഇല. ഇപ്പോഴും കടും പച്ച നിറത്തിൽ, തറയിൽ നിന്ന് 20 അടി ഉയരത്തിൽ അത് ധൈര്യപൂർവ്വം ഒരു ചില്ലയിൽ ചേർന്ന് നിൽക്കുന്നുണ്ടായിരുന്നു.**

**''ഇത് അവസാനത്തേതാണ് '', ജോൺസി പറഞ്ഞു. .രാത്രിയിൽ അത് തീർച്ചയായും വീഴുമെന്നു ഞാൻ കരുതി .ഞാൻ കാറ്റിന്റെയും മഴയുടെയും ശബ്ദം കേട്ടിരുന്നു .ഇന്ന് അത് വീഴും ,അതേസമയം തന്നെ ഞാനും മരിക്കും''.**

**''പ്രിയപ്പെട്ട ജോൺസി '',തന്റെ മുഖം ജോൺസിയുടെ മുഖത്തോടു തലയിണയിൽചേർത്തുവെച്ചു സൂ പറഞ്ഞു . നീ നിന്നെ കുറിച്ച് ചിന്തിക്കുന്നില്ലങ്കിൽ എന്നെ കുറിച്ച് ചിന്തിക്കു. ഞാൻ എന്തു ചെയ്യും ? പകൽ എരിഞ്ഞടങ്ങി, മങ്ങിയ വെളിച്ചത്തിലും ആ ഒരു ഇല, ഭിത്തിയിൽ ചേർന്നിരിക്കുന്ന തണ്ടിൽ പറ്റിപിടിച്ചിരിക്കുന്നത് അവൾക്കു**

കാണാമായിരുന്നു. .പിന്നീട് രാത്രിയായതോടെ വടക്കൻ കാറ്റ് അഴിച്ചുവിടപ്പെട്ടു ,മഴ ശക്തിയായി വാർഷിക്കാനും തുടങ്ങി .


വേണ്ടത്ര വെളിച്ചമായപ്പോൾ ,ദേഷ്യക്കാരി ജോൺസി കർട്ടൻ ഉയർത്താൻ ആജ്ഞാപിച്ചു .ആ ഐവി ഇല അപ്പോഴും അവിടെ തന്നെ ഉണ്ടായിരുന്നു .ജോൺസി ഏറെ നേരം അതിനെത്തന്നെ നോക്കി കിടന്നു .പിന്നീട് അവൾ സൂവിനെ വിളിച്ചു."ഞാനൊരു ചീത്തക്കുട്ടി ആയിരുന്നു,സൂ",ജോൺസി പറഞ്ഞു .''ഞാനെത്ര മോശക്കാരിയാണെന്നു കാണിക്കാൻ എന്തോ ഒന്ന് ആ ഇലയെ അവിടെത്തന്നെ നിർത്തിയിരിക്കുകയാണ് .മരിക്കാൻ ആശിക്കുന്നത് പാപമാണ് .ഇപ്പോൾ നീ എനിക്ക് അല്പം സൂപ്പ് കൊണ്ടുവരൂ -പിന്നെ എന്റെ പുറകിൽ ഏതാനും തലയിണകൾ വെക്കു,ഞാൻ ചാരിയിരുന്നു നീ പാചകം ചെയ്യുന്നതു കണ്ടുകൊണ്ടിരിക്കാം ".ഒരു മണിക്കൂർ പിന്നിട്ടപ്പോൾ അവൾ പറഞ്ഞു ,''സൂ ,ഒരു ദിവസം **BAY OF NAPLES** പെയിന്റ് ചെയ്യാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു ''ഉച്ചക്കഴിഞ്ഞു ഡോക്ടർ വന്നു . '' ഭയപ്പെടാനില്ലാത്ത സ്ഥിതി '', സൂവിന്റെ മെല്ലിച്ച വിറയ്ക്കുന്ന കൈ സ്വന്തം കൈലെടുത്തുകൊണ്ടു ഡോക്ടർ പറഞ്ഞു .''നല്ല പരിചരണം കൊണ്ടാണ് നിനക്ക് വിജയിക്കാം .എനിക്ക് താഴത്തെ നിലയിലുള്ള ഉള്ള ഒരു രോഗിയെ കാണേണ്ടതുണ്ട് . ബർമാൻ എന്നാണ് അയാളുടെ പേര് ,ഏതോ ഒരു കലാകാരനാണെന്നു ഞാൻ കരുതുന്നു .അയാൾക്കും ന്യൂമോണിയ തന്നെയാണ് .അയാൾ വയസ്സനും ദുർബലനുമാണ് .കൂടാതെ രോഗം വളരെ ഗുരുതരവുമാണ് .ആശക്ക് വകയൊന്നുമില്ലെങ്കിലും കുറേക്കൂടി സുഖപ്രദം ആകുമെന്ന് കരുതി അയാൾ ഇന്ന് ആശുപത്രിയിലേക്ക് പോകുകയാണ് ''.

ദിവസം ഡോക്ടർ സൂവിനോട് പറഞ്ഞു ,''അവൾ അപകടനില തരണം ചെയ്തിരിക്കുന്നു .നീ ജയിച്ചു .ഇനി ഇപ്പോൾ പോഷകാഹാരവും പരിചരണവും മാത്രം മതി.അന്ന് ഉച്ചതിരിഞ്ഞു ജോൺസിയുടെ കിടക്കയ്ക്കരികിലേക്ക് സൂ ചെന്നു, സംതൃപ്തിയോടെ. ഒരു കൈകൊണ്ട് അവളെ ചുറ്റിപിടിച്ചു, തലയണയുൾപ്പടെ.

**“ എനിക്കൊരു കാര്യം നിന്നോട് പറയാനുണ്ട്,” അവൾ പറഞ്ഞു. “ മിസ്റ്റർ ബർമാൻ ന്യുമോണിയ ബാധിച്ച് ആശുപത്രിയിൽ വച്ച് ഇന്ന് മരിച്ചു. പനി ബാധിച്ചിട്ട് വെറും രണ്ട് ദിവസമേ ആയുള്ളു. ആദ്യദിവസം രാവിലെ താഴത്തെ നിലയിലുള്ള അദ്ദേഹത്തിന്റെ മുറിയിൽ വേദന മൂലം നിസഹായാവസ്ഥയിലാണ് അവർ അദ്ദേഹത്തെ കണ്ടത്. അദ്ദേഹത്തിന്റെ ഷൂസും വസ്ത്രങ്ങളും മുഴുവനായും മഞ്ഞുപോലെ തണുത്തിരുന്നു. ഇത്ര ഭയാനകമായ ഒരു രാത്രിയിൽ അദ്ദേഹം എവിടെയായിരുന്നു എന്ന് അവർക്ക് ഊഹിക്കാൻ പോലും കഴിഞ്ഞില്ല. അപ്പോഴാണവർ കത്തിക്കൊണ്ടിരിക്കുന്ന ഒരു റാന്തൽ കണ്ടത്. പിന്നെ വലിച്ചുമാറ്റപ്പെട്ട ഒരു ഏണി, ചിന്നി ചിതറിക്കിടക്കുന്ന ഏതാനും ബ്രഷുകൾ, പച്ചയും മഞ്ഞയും കൂട്ടിക്കലർത്തിയ നിറങ്ങൾ ചാലിച്ച തട്ട്.**



**മോളെ നീ ജനലിലൂടെ ഭിത്തിയിലെ അവസാനത്തെ ഐവി നിലയിലേക്ക് നോക്ക്. കാറ്റടിച്ചപ്പോൾ അത് എന്തുകൊണ്ട് ഇളകിയോ ചലിക്കുകയോ ചെയ്യില്ലെന്ന് നീ അത്ഭുതപ്പെട്ടില്ലേ? മോളേ, അത് ബർമാന്റെ ഏറ്റവും ശ്രേഷ്ഠമായ കലാസൃഷ്ടിയാണ്. അവസാനത്തെ ഇല കൊഴിഞ്ഞു വീണ രാത്രിയിൽ അദ്ദേഹം അതവിടെ വരച്ചുചേർത്തു ..............**



**വിജയ് മാധവ് ഒ. എസ്**

9B

# സമയത്തിന്റെ വില

- അഭയ് സന്തോഷ്

9B

* ഒരു വർഷത്തിന്റെ വിലയറിയാൻ പരീക്ഷയിൽ ഒരു വർഷം തോറ്റ വിദ്യാർത്ഥിയോട് ചോദിക്കു.

* ഒരു മാസത്തിന്റെ വില ദിവസം തികയാതെ പ്രസവിച്ച ഒരു ശിശുവിന്റെ മാതാവ് പറയും.

* ഒരാഴ്ചയുടെ വില ഒരു വാരികയുടെ പത്രാധിപർക്കറിയാം.

* ഒരു ദിവസത്തിന്റെ വില ദിനപത്രത്തിന്റെ ഉടമക്കേ അറിയൂ.

* ഒരു മണിക്കൂറിന്റെ വില കാമുകിയെ കാത്തിരിക്കുന്ന കാമുകനിൽനിന്നും മനസ്സിലാക്കാം.

* ഒരു മിനിറ്റിന്റെ വില തീവണ്ടി കിട്ടാതെ സ്റ്റേഷനിൽ നിന്ന് മടങ്ങുന്ന യാത്രക്കാരൻ മറക്കില്ല.

* ഒരു സെക്കന്റിന്റെ വില ഒരു വാഹനാപകടത്തിൽ നിന്നും രക്ഷപെട്ട ആളിന്റെ ജീവന് തുല്യമാണ്.

* മില്ലിസെക്കന്റിന്റെ വില ഒരു കായിക താരത്തിനെ അറിയൂ.



# പൊതിച്ചോർ

ഒക്കത്ത് കുഞ്ഞും കയ്യിൽ ഭാണ്ഡക്കെട്ടുമായി ആ സ്ത്രീ തിരക്കുള്ള നഗരത്തിന്റെ ഒരു വശത്തുകൂടി നടക്കുകയാണ്. വിശന്നു കരയുന്ന കുഞ്ഞിന്റെ കരച്ചിലിന് ചെവി കൊടുക്കാതെ അവൾ ആ നഗരവീഥിയിലൂടെ നടന്നകന്നു. സൂര്യന്റെ കഠിനമായ ചൂടിൽ വിയർത്തൊഴുകിയ അവൾ നടന്ന വിജനമായ ഒരു വഴിയിലെത്തി. ഒരല്പം വെള്ളത്തിന് വേണ്ടി അവൾ ഒരു വീട് തേടി നടന്നു.

ആൾപ്പാർപ്പില്ലാത്ത സ്ഥലവും കുട്ടിയുടെ കരച്ചിലും അവളെ കൂടുതൽ പരിക്ഷീണയാക്കി.ഒടുവിൽ വീടന്വേഷിച്ചുള്ള അവളുടെ നടത്തം നിലച്ചു. പൊട്ടിപൊളിഞ്ഞ വീടിന് മുന്നിൽ നിന്ന് ഇവിടെ ആരുമില്ലേ എന്നു നീട്ടി ചോദിച്ചു. ചോദ്യം ആവർത്തിച്ചപ്പോൾ ആരാ എന്ന് ചോദിച്ചുകൊണ്ട് ഒരു വൃദ്ധ പുറത്തേക്ക് വന്നു. "എന്താ മകളെ എന്തുവേണം"അവർ ചോദിച്ചു.

"എനിക്ക് കുറച്ച് വെള്ളം തരുവോ ? "അവൾ അത് പറഞ്ഞുകൊണ്ട് തറയിലിരുന്നു.കുട്ടിയുടെ കരച്ചിലിന് ശമനം വന്നു.അത് തളർന്ന് ഉറങ്ങിപ്പോയി.

വൃദ്ധ ഗ്ലാസിൽ വെള്ളവുമായി വന്നു.അവൾ ആ പിറ്റേന്ന് രാവിലെ ഒരു അമ്മയും കുഞ്ഞും ചോരയിൽ കുളിച്ച് കിടക്കുന്ന കാഴ്ചയാണ് ആളുകൾ കണ്ടത്. അടുത്ത കിടക്കുന്ന ഭാണ്ടകെട്ടിനരികിൽ ഒരു പൊതിച്ചോറ് തറയിൽ ചിതറിക്കിടക്കുന്നു.......... വെള്ളം ഒറ്റയടിക്ക് തന്നെ കുടിച്ച് തീർത്തു. "ഇവിടെ മറ്റാരുമില്ലേ"എന്ന അവളുടെ ചോദ്യത്തിന് ഒരു ദീർഘനിശ്വാസം മാത്രമായിരുന്നു മറുപടി.

മക്കളെയൊക്കെ സ്നേഹിച്ച് വളർത്തി വലുതാക്കി. അവർ വളർന്നപ്പോൾ അവർക്കെങ്ങനെ വേണ്ടാതായി.എല്ലാവരുടെയും അവസ്ഥ ഇതൊക്കെ തന്നെ.

"അല്ല നിനക്കെന്താ പറ്റിയത്?"വൃദ്ധയുടെ ചോദ്യം അവളുടെ ഹൃദയത്തിൽ തറച്ചു. കണ്ണീർ ധാരധാരയായി ഒഴുകി. നിനക്ക് വിഷമമാണെങ്കിൽ പറയണ്ട. അവർ അകത്തു പോയി ഒരു പൊതിച്ചോർ കുട്ടിക്ക് കൊടുക്കാനായി കൊണ്ടുവന്നു. അവൾ ആ പൊതിച്ചോർ ഭാണ്ടകെട്ടിലിട്ട് പുറത്തേക്ക് പോയി.

സൂര്യൻ അപ്പോഴേക്കും കടലിലേക്ക് താഴാൻ തുടങ്ങിയിരുന്നു. ഓർമകളെ കൂട്ടുപിടിച്ചുകൊണ്ട് അവൾ ആ ഇരുട്ട് നിറഞ്ഞ പാതയിലൂടെ നടന്നു. പെട്ടന്ന് ഒരു വെളിച്ചം അവരുടെ മുഖത്തു തട്ടി.

ശ്ശംഗം- 2

**പിറ്റേന്ന് രാവിലെ ഒരു അമ്മയും കുഞ്ഞും ചോരയിൽ കുളിച്ച കിടക്കുന്ന കാഴ്ചയാണ് ആളുകൾ കണ്ടത്. അടുത്ത കിടക്കുന്ന ഭാണ്ടകെട്ടിനരികിൽ ഒരു പൊതിച്ചോറ് തറയിൽ ചിതറിക്കിടക്കുന്നു..........**

**സെറിൻ .എസ്**

9B

# സച്ചിൻ തെൻഡുൽക്കർ



(ജനനം. ഏപ്രിൽ 24, 1973 മുംബൈ,മഹാരാഷ്ട്ര, ഇന്ത്യ) ഇന്ത്യയിൽ നിന്നുള്ള മുൻ ക്രിക്കറ്റ് താരവും, ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളും ഇന്ത്യയിലെ ഒരു പാർലമെന്റ് മെമ്പറുമാണ് . 2002-ൽ ക്രിക്കറ്റ് ലോകത്തെ ആധികാരിക മാസികയായ വിസ്ഡൺ മാസിക ഡോൺ ബ്രാഡ്മാനു ശേഷം ക്രിക്കറ്റ് ലോകം കണ്ട ഏറ്റവും മികച്ച രണ്ടാമത്തെ ക്രിക്കറ്റ് പ്രതിഭയായും, മികച്ച രണ്ടാമത്തെ ഏക ദിന ക്രിക്കറ്റ് കളിക്കാരനായും തെണ്ടുൽക്കറെ തിരഞ്ഞെടുത്തു. വിവിയൻ റിച്ചാർഡ്സ് ആയിരുന്നു പ്രഥമ സ്ഥാനത്ത്.

അന്താരാഷ്ട്ര ക്രിക്കറ്റിൽ നൂറു ശതകങ്ങൾ തികച്ച ആദ്യത്തെ കളിക്കാരനാണ് സച്ചിൻ. 2012 മാർച്ച് 16-ന് ധാക്കയിലെ മിർപ്പൂരിൽ ബംഗ്ലാദേശിനെതിരെ നടന്ന ഏഷ്യാ കപ്പ് ഗ്രൂപ്പ് ഏകദിനമത്സരത്തിലാണ് സച്ചിൻ തന്റെ നൂറാം ശതകം തികച്ചത്. ടെസ്റ്റ് ക്രിക്കറ്റിലും, ഏകദിന ക്രിക്കറ്റിലുമായി നിരവധി റെക്കോർഡുകൾ സച്ചിന്റെ പേരിലുണ്ട്. ഏകദിന ക്രിക്കറ്റിലും, ടെസ്റ്റ് ക്രിക്കറ്റിലും നിലവിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള കളിക്കാരനാണ് ഇദ്ദേഹം. 2011- ൽ സച്ചിൻ ലോക കപ്പിൽ രണ്ടായിരം റൺസെടുക്കുന്ന ആദ്യ ബാറ്റ്സ്മാനായി. 463 ഏകദിന മത്സരങ്ങളിലായി 18426 റൺസ് ഇദ്ദേഹം നേടിയിട്ടുണ്ട് . 17,000 റൺസ് തികച്ച ഏക ക്രിക്കറ്റ് കളിക്കാരനുമാണ് സച്ചിൻ. ടെസ്റ്റ് ക്രിക്കറ്റിൽ 11,000 റൺസ് പിന്നിടുന്ന മൂന്നാമത്തെ കളിക്കാരനും, ആദ്യത്തെ ഇന്ത്യക്കാരനുമാണ് സച്ചിൻ.

ടെസ്റ്റിലും ഏക ദിനത്തിലും ഏറ്റവും കൂടുതൽ സെഞ്ചുറികൾ എന്ന റെക്കോർഡും സച്ചിന്റെ പേരിലാണ്. ഏക ദിനത്തിലെ ഏറ്റവും ഉയർന്ന ആറാമത്തെ വ്യക്തിഗത സ്കോറിന്റെ ഉടമയായ (24 ഫെബ്രുവരി 2010 ന ദക്ഷിണ-ആഫ്രിക്കക്കെതിരെ ഗ്വാളിയോറിൽ വെച്ച പുറത്താവാതെ 200 റൺസ്) സച്ചിൻ, ഏക ദിന ക്രിക്കറ്റിൽ ഇരട്ട ശതകം നേടിയ ആദ്യത്തെ കളിക്കാരനമാണ്. 2009 നവംബർ 5 ന് ഹൈദരാബാദിൽ വെച്ച് നടന്ന ഇന്ത്യ-ആസ്ട്രേലിയ ഏക ദിന പരമ്പരയിലെ മത്സരത്തിൽ, 17000 റൺസ് തികയ്ക്കുന്ന ലോകത്തിലെ ആദ്യത്തെ താരം എന്ന ബഹുമതിയും സച്ചിൻ നേടി. ടെസ്റ്റ് ക്രിക്കറ്റിലെ സച്ചിന്റെ ഉയർന്ന സ്കോർ ബംഗ്ലാദേശിനെതിരെ 2004-ൽ നേടിയ 248 റൺസ് ആണ്. *മാസ്റ്റർ ബ്ലാസ്റ്റർ* എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന സച്ചിൻ, 14-ആമത്തെ വയസ്സിൽ ആഭ്യന്തര ക്രിക്കറ്റിൽ മുംബൈ ക്രിക്കറ്റ് ടീമിന വേണ്ടി കളിക്കുകയും ആദ്യ മത്സരത്തിൽ തന്നെ സെഞ്ച്വറി തികക്കുകയും ചെയ്തു. പിന്നീട് തന്റെ പതിനാറാം വയസ്സിൽ പാകിസ്താനെതിരെയാണ് കറാച്ചിയിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം നടത്തിയത്.

ഇന്ത്യയിലെ ഏറ്റവും വലിയ കായിക ബഹുമതിയായ രാജീവ് ഗാന്ധി_ഖേൽ രത്ന അവാർഡ് നേടിയ ആദ്യ ക്രിക്കറ്ററുമാണ സച്ചിൻ.

രണ്ടാമത്തെ വലിയ സിവിലിയൻ ബഹുമതിയായ പത്മ വിഭൂഷൺ നേടിയ ആദ്യത്തെ കായിക താരം എന്ന ബഹുമതി വിശ്വനാഥൻ ആനന്ദിനൊപ്പം 2008-ൽ സച്ചിൻ നേടുകയുണ്ടായി . ലോകത്ത് ഏറ്റവും കൂടുതൽ ആരാധകരുള്ള ക്രിക്കറ്റ് കളിക്കാരിൽ ഒരാളും, പരസ്യം വഴി ഏറ്റവുമധികം വരുമാനമുണ്ടാക്കുന്ന ക്രിക്കറ്റ് കളിക്കാരിൽ ഒരാളും സച്ചിനാണ്. ക്രിക്കറ്റിനു പുറമേ ഇന്ത്യയിലെ പ്രധാന

നഗരങ്ങളിൽ റെസ്റ്റോറന്റുകളും സച്ചിൻ നടത്തുന്നുണ്ട്. നിലവിൽ ഇന്ത്യൻ പാർലമെന്റിൽ രാജ്യസഭാംഗവുമാണ് സച്ചിൻ. രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ സജീവ കായിക താരമാണ് അദ്ദേഹം.

2012 ഡിസംബർ 23-ന് സച്ചിൻ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ഏകദിന ക്രിക്കറ്റിൽ ഏറ്റവുമധികം റൺസ്, സെഞ്ച്വറികൾ, അർദ്ധ സെഞ്ച്വറികൾ, കളിച്ച മത്സരങ്ങൾ എന്നീ റെക്കോർഡുകളെല്ലാം വിരമിക്കുമ്പോൾ സച്ചിന്റെ പേരിലാണ്. 2012 മാർച്ച് 18-ന് മിർപൂരിൽ പാകിസ്താനെതിരെയാണ് സച്ചിൻ അവസാന ഏകദിന മത്സരം കളിച്ചത്.

2013 മേയ് 27-ാം തിയതി ഐ.പി.എൽ ആറാം സീസൺ കിരീടം മുംബൈ ഇന്ത്യൻസ് സ്വന്തമാക്കിയ ശേഷം ഐ.പി.എല്ലിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

2013 നവംബർ 14 മുതൽ 16 വരെ മുംബൈയിലെ വാംഖഡെ സ്റ്റേഡിയത്തിൽ വെസ്റ്റ് ഇൻഡീസുമായി നടന്ന ടെസ്റ്റ് മത്സരത്തോടെ സച്ചിൻ രാജ്യാന്തര ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും വിരമിച്ചു. അതേ ദിവസം തന്നെ രാജ്യം ഭാരതരത്നം പുരസ്കാരം നൽകി സച്ചിനെ ആദരിച്ചു. ഭാരത രത്ന ലഭിക്കുന്ന ആദ്യ കായിക താരവും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും സച്ചിനാണ്.

**കൈലാസ്. വി. നായർ**

9B

# ജൈവവൈവിധ്യം



സൂക്ഷ്മജീവികൾ മുതൽ നീലത്തിമിംഗലം വരെയുള്ള കോടിക്കണക്കിനു ജീവിവർഗങ്ങളുടെ ആവാസ കേന്ദ്രമാണ് ഭൂമി. എന്നാൽ ഇന്ന് ഈ ഹരിതഗൃഹത്തോട് പല ജീവി വർഗ്ഗങ്ങളും യാത്ര പറഞ്ഞു പോകുന്ന സങ്കടകരമായ കാഴ്ചയാണ് നമുക്ക് കാണാൻ ആകുന്നത്. ഇന്നീ ഭൂമിയിലെ പല ജീവജാലങ്ങളും വംശനാശത്തിന്റെ വക്കിലാണ്. എന്നാൽ അതിനു കാരണമന്വേഷിച്ചു പോകുമ്പോൾ അറിഞ്ഞോ അറിയാതെയോ മനുഷ്യന്റെ കരങ്ങൾ ആ വിപത്തിനു പിന്നിൽ വ്യക്തമായി തെളിയുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സകലവർഗ്ഗങ്ങൾക്കും ഈ ഭൂമിയുടെ മേൽ അവകാശമുണ്ടെന്ന സത്യം വിസ്മരിച്ചു സ്വന്തം സുഖ സൗകര്യങ്ങൾക്കായി മറ്റുള്ള ജീവികൾക്കും വാസഗൃഹമായ ഭൂമിയ്ക്ക് തന്നെയും നാശോന്മുഖമായ പ്രവർത്തനങ്ങളാണ് ഇന്ന് ആധുനിക മനുഷ്യരിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഭൂമിയിൽ യാതൊരു ഭയപ്പാടുമില്ലാതെ ജീവിക്കുന്ന, ദിനം പ്രതി

അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിവർഗ്ഗം മനുഷ്യൻ മാത്രമാണെന്ന് പറഞ്ഞാൽ അതിലൊട്ടും തന്നെ തെറ്റില്ല. ഈ അവസ്ഥ തുടർന്നാൽ എന്താകും ഭൂമിയുടെ അവസ്ഥ? ജൈവവൈവിധ്യം നിലനിർത്തുവാൻ ഏവരും ശ്രദ്ധ പതിപ്പിക്കേണ്ട ഏഴു മേഖലകളേതൊക്കെയെന്നു നമ്മൾ അറിഞ്ഞിരിക്കണം

1, ജീവിവർഗ്ഗങ്ങൾ, അവയുടെ ആവാസസവ്യവസ്ഥകൾ എന്നിവ സംരക്ഷിക്കുന്നതിനായി ആവശ്യമായ സ്ഥലം.

2, കാർഷിക മേഖലയിലെ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുക, വൈവിധ്യം നിലനിർത്തുക.

3, മത്സ്യമേഖല

4, നഗരവത്കരണം

5, കാലാവസ്ഥവ്യതിയാനം

6, ജൈവ അധിനിവേശം

7, ജൈവവൈവിധ്യം

**വിജയ് മാധവ് ഒ. എസ്**

9B

# വെജിറ്റേറിയൻ ഡേ

ആരോഗ്യകരമായ ഭക്ഷണരീതി കഴിക്കുന്നത് നിരവധി ആരോഗ്യ രോഗങ്ങൾ വരാനുള്ള സാധ്യത കുറയ്ക്കും. ഈ ആരോഗ്യ രോഗങ്ങളിൽ അമിതവണ്ണം, ഹൃദ്രോഗം, അർബുദം എന്നിവ ഉൾപ്പെടുന്നു. ഒരാളുടെ ഭക്ഷണത്തിലെ ചില ഭക്ഷണങ്ങളും പോഷകങ്ങളും കഴിക്കുന്നതിലൂടെ ഈ ആരോഗ്യ രോഗങ്ങൾക്കുള്ള അപകട ഘടകങ്ങൾ ഉണ്ടാകാം. ഈ ആരോഗ്യ രോഗങ്ങൾ കുറയ്ക്കുന്നതിനും / അല്ലെങ്കിൽ മെച്ചപ്പെടുത്തുന്നതിനും പ്രയോജനകരമായ ആരോഗ്യകരമായ ഭക്ഷണരീതി വെജിറ്റേറിയൻ ഭക്ഷണമാണ്. സസ്യാഹാരം പോലുള്ള ഭക്ഷണപദാർത്ഥങ്ങളും മാംസാഹാരങ്ങൾ (മാംസം, കോഴി, മത്സ്യം) ഒഴിവാക്കൽ എന്നിവയാണ് സസ്യഭക്ഷണം പിന്തുടരുന്നത്. ഈ ഭക്ഷണത്തിലെ ഭക്ഷണങ്ങൾ ശരീരത്തിന് ആവശ്യമായ നിരവധി പോഷകങ്ങൾ നൽകുന്നു.


**പൂജ എസ്. എ**

9B






# പ്രകൃതിക്കായി



ലോകത്തു ഏറ്റവും അധികം ആളുകൾ പങ്കെടുത്ത പരിസ്ഥിതിസംരക്ഷണ പ്രവർത്തനമാണ് പരിസ്ഥിതി ദിനാചരണം. പാരിസ്ഥികമായുള്ള വെല്ലുവിളികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സാർത്ഥകമായ പരിസ്ഥതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നാളിതുവരെയുള്ള ദിനാചരണപരിപാടികൾ കാരണമായിട്ടുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ലോകം ഗൗരവമായി ആലോചിച്ചതിന്റെ ഭാഗമായിട്ടാണ് 1972 ജൂൺ 5 ന് സ്വീഡിനിലെ സ്റ്റോക്ക് ഹോമിൽ അന്താരാഷ്ട്രതലത്തിൽ പ്രകൃതിസംരക്ഷണ പ്രവർത്തനം ലക്ഷ്യമിട്ടു കൂടിച്ചേരൽ നടന്നത്. ഇതിന്റെ ഓര്മക്കാണ് പരിസ്ഥിതിദിനാചരണം സംഘടിപ്പിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടിയാണ് അന്താരാഷ്ട്രതലത്തിൽ ദിനാചരണപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്.

**ദൃശ്യ ആർ. എം**

# എ. പി. ജെ അബ്ദുൾകലാം

അവുൽ പകീർ ജെയ്നുലബ്ദീൻ അബ്ദുൾ കലാം; 15 ഒക്ടോബർ 1931 - 2015 ജൂലൈ 27) 2002 മുതൽ 2007 വരെ ഇന്ത്യയുടെ പതിനൊന്നാമത്തെ പ്രസിഡന്റായി സേവനമനുഷ്ഠിച്ച എയ്റോസ്പേസ് ശാസ്ത്രജ്ഞനായിരുന്നു. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച് വളർന്ന അദ്ദേഹം ഭൗതികശാസ്ത്രവും എയ്റോസ്പേസ് എഞ്ചിനീയറിംഗും പഠിച്ചു. അടുത്ത നാല് ദശകങ്ങളിൽ ഒരു ശാസ്ത്രജ്ഞനും സയൻസ് അഡ്മിനിസ്ട്രേറ്ററുമായി, പ്രധാനമായും പ്രതിരോധ ഗവേഷണ വികസന സംഘടനയിലും (ഡിആർഡിഒ) ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയിലും (ഇസ്റോ) ചെലവഴിച്ചു. ഇന്ത്യയിലെ സിവിലിയൻ ബഹിരാകാശ പ്രോഗ്രാമർ, സൈനിക മിസൈൽ വികസന ശ്രമങ്ങൾ എന്നിവയിൽ അദ്ദേഹം പങ്കാളിയായിരുന്നു. ബാലിസ്റ്റിക് മിസൈൽ വികസിപ്പിക്കുന്നതിനും വാഹന സാങ്കേതികവിദ്യ വിക്ഷേപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെട്ടു. 1998 ൽ ഇന്ത്യയുടെ പോഖ്റാൻ -2 ആണവപരീക്ഷണങ്ങളിൽ അദ്ദേഹം ഒരു പ്രധാന സംഘടനാ, സാങ്കേതിക, രാഷ്ട്രീയ പങ്ക് വഹിച്ചു, 1974 ൽ ഇന്ത്യ നടത്തിയ ആണവപരീക്ഷണത്തിനുശേഷം ഇത് ആദ്യത്തേതാണ്.

ഭരണകക്ഷിയായ ഭാരതീയ ജനതാ പാർട്ടിയുടെയും അന്നത്തെ പ്രതിപക്ഷ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും പിന്തുണയോടെ 2002 ൽ കലാം ഇന്ത്യയുടെ പതിനൊന്നാമത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. "പീപ്പിൾസ് പ്രസിഡന്റ്" എന്ന് വ്യാപകമായി വിളിക്കപ്പെടുന്ന അദ്ദേഹം ഒരൊറ്റ കാലാവധിക്കുശേഷം തന്റെ സിവിലിയൻ വിദ്യാഭ്യാസം, എഴുത്ത്, പൊതുസേവനത്തിലേക്ക് മടങ്ങി. ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത് രത്ന ഉൾപ്പെടെ നിരവധി അഭിമാനകരമായ അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഷില്ലോങ്ങിൽ ഒരു പ്രഭാഷണം നടത്തുന്നതിനിടെ, കലാം 2015 ജൂലൈ 27 ന് 83 വയസ്സുള്ള ഹൃദയാഘാതത്തെത്തുടർന്ന് വീണു മരിച്ചു. അദ്ദേഹത്തിന്റെ ജന്മനാടായ രാമേശ്വരത്ത് നടന്ന സംസ്കാര ചടങ്ങിൽ ദേശീയതലത്തിലുള്ള വിശിഷ്ടാതിഥികൾ ഉൾപ്പെടെ ആയിരക്കണക്കിന് പേർ പങ്കെടുത്തു.

**കാർത്തിക് ബി. എസ്**

9B

# ജവഹർലാൽ നെഹ്റു

**ജവഹർലാൽ നെഹ്റു** (**നവംബർ** 14, 1896 - **മെയ്** 26, 1949) **ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രിയും സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും ഇന്ത്യൻ രാഷ്ട്രീയത്തിലെ കേന്ദ്ര വ്യക്തിത്വമായിരുന്നു. മഹാത്മാഗാന്ധിയുടെ രക്ഷാകർതൃത്വത്തിൽ അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പരമോന്നത നേതാവായി ഉയർന്നുവന്നു. ഇന്ത്യയിൽ ഒരു സ്വതന്ത്ര രാഷ്ട്രമായി സ്ഥാപിതമായതു മുതൽ** 1979 **ൽ മരണം വരെ ഭരിച്ചു. ആധുനിക ഇന്ത്യൻ ദേശീയ രാഷ്ട്രത്തിന്റെ ശിൽപിയായി അദ്ദേഹം കണക്കാക്കപ്പെടുന്നു - ഒരു പരമാധികാരി, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക്. കശ്മീരി പണ്ഡിറ്റ് സമുദായത്തിൽ നിന്നുള്ളയാളായതിനാൽ അദ്ദേഹത്തെ പണ്ഡിറ്റ് നെഹ്രു എന്നും വിളിച്ചിരുന്നു, ഇന്ത്യൻ കുട്ടികൾ അദ്ദേഹത്തെ ചാച്ചാ നെഹ്രു എന്നാണ് അറിയുന്നത്.**

1941 **ൽ ഗാന്ധിജി തന്റെ രാഷ്ട്രീയ അവകാശിയും പിൻഗാമിയുമാണെന്ന് നെഹ്റുവിനെ അംഗീകരിച്ചപ്പോൾ, സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയുടെ സ്ഥാനം വഹിക്കാൻ കോൺഗ്രസ് നെഹ്റുവിനെ തിരഞ്ഞെടുത്തു. പ്രധാനമന്ത്രിയെന്ന നിലയിൽ അദ്ദേഹം ഇന്ത്യയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ പുറപ്പെട്ടു.** 1950 **ൽ ഇന്ത്യൻ ഭരണഘടന നടപ്പിലാക്കി, അതിനുശേഷം അദ്ദേഹം സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പരിഷ്കാരങ്ങളുടെ അഭിലാഷ പദ്ധതി ആരംഭിച്ചു. പ്രാഥമികമായി, ഇന്ത്യയുടെ ഒരു കോളനിയിൽ നിന്ന് ഒരു റിപ്പബ്ലിക്കിലേക്കുള്ള പരിവർത്തനത്തിന് അദ്ദേഹം മേൽനോട്ടം വഹിച്ചു, ഒരു മൾട്ടി-പാർട്ടി, മൾട്ടി-പാർട്ടി ജനാധിപത്യത്തെ പരിപോഷിപ്പിച്ചു. വിദേശനയത്തിൽ, ചേരിചേരാ പ്രസ്ഥാനത്തിൽ പ്രധാന പങ്കുവഹിച്ച ദക്ഷിണേഷ്യയിലെ**

**ഒരു പ്രാദേശിക നായകനായി ഇന്ത്യയെ അദ്ദേഹം ചിത്രീകരിച്ചു.**

**നെഹ്റുവിന്റെ നേതൃത്വത്തിൽ ദേശീയ, സംസ്ഥാനതല തിരഞ്ഞെടുപ്പുകളിൽ ആധിപത്യം പുലർത്തുകയും 1951, 1957, 1962 ലെ തുടർച്ചയായ തിരഞ്ഞെടുപ്പുകളിൽ വിജയിക്കുകയും ചെയ്ത കോൺഗ്രസ് ഒരു സഖ്യകക്ഷിയായി ഉയർന്നുവന്നു. അദ്ദേഹത്തിന്റെ അവസാന വർഷങ്ങളിലെ രാഷ്ട്രീയ പ്രതിസന്ധികൾക്കും 1962 ലെ ചൈനീസ്-ഇന്ത്യാ യുദ്ധത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ പരാജയത്തിനും ശേഷവും അദ്ദേഹം ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ജനപ്രീതി നേടി. ഇന്ത്യയിൽ അദ്ദേഹത്തിന്റെ ജന്മദിനം കുട്ടികളുടെ ദിനമായി ആഘോഷിക്കുന്നു.**

## കൈലാസ്. വി. നായർ

**9B**



# നീൽ ആംസ്ട്രോംഗ്


നീൽ ആൽഡെൻ ആംസ്ട്രോംഗ് (ഓഗസ്റ്റ് 5, 1930 - ഓഗസ്റ്റ് 25, 2012) ഒരു അമേരിക്കൻ ബഹിരാകാശയാത്രികനും എയറോനോട്ടിക്കൽ എഞ്ചിനിയറും ചന്ദ്രനിൽ ആദ്യമായി നടന്ന വ്യക്തിയുമായിരുന്നു. നേവൽ ഏവിയേറ്റർ, ടെസ്റ്റ് പൈലറ്റ്, യൂണിവേഴ്സിറ്റി പ്രൊഫസർ എന്നിവരായിരുന്നു. സെഞ്ചറി സീരീസ് പോരാളികളുടെ പ്രോജക്ട് പൈലറ്റായ അദ്ദേഹം നോർത്ത് അമേരിക്കൻ എക്സ് -15 പറന്നു. യുഎസ് എയർഫോഴ്സ് മാൻ ഇൻ സ്പേസ് സൂനെസ്റ്റ്, എക്സ് -20 ഡൈന-സോർ ഹ്യൂമൻ ബഹിരാകാശ യാത്രാ പരിപാടികളിലും അദ്ദേഹം പങ്കാളിയായിരുന്നു.

1962 ൽ തിരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ഗ്രൂപ്പിൽ ആംസ്ട്രോംഗ് നാസ ആസ്ട്രോനോട്ട് കോർപ്സിൽ ചേർന്നു. 1966 മാർച്ചിൽ ജെമിനി 8 ന്റെ കമാൻഡ് പൈലറ്റായി അദ്ദേഹം ആദ്യത്തെ ബഹിരാകാശ യാത്ര നടത്തി, ബഹിരാകാശത്ത് പറക്കുന്ന നാസയുടെ ആദ്യത്തെ സിവിലിയൻ ബഹിരാകാശയാത്രികനായി. 1969 ജൂലൈ 20 ന് ആംസ്ട്രോംഗും അപ്പോളോ 11 ചാന്ദ്ര മൊഡ്യൂളും (എൽഎം) പൈലറ്റ് ബസ്സ് ആൽഡ്രിനും ചന്ദ്രനിൽ ആദ്യമായി ഇറങ്ങിയ ആളുകളായി. അടുത്ത ദിവസം അവർ ബഹിരാകാശ പേടകത്തിന് പുറത്ത് രണ്ടര മണിക്കൂർ ചെലവഴിച്ചു, മൈക്കൽ കോളിൻസ് ചന്ദ്ര ഭ്രമണപഥത്തിൽ തുടർന്നു മിഷന്റെ കമാൻഡ് മൊഡ്യൂൾ (സിഎം). ആംസ്ട്രോംഗ് ചാന്ദ്ര പ്രതലത്തിലേക്ക് ചുവടുവെച്ചപ്പോൾ അദ്ദേഹം പ്രസിദ്ധമായി പറഞ്ഞു: "ഇത് ഒരു മനുഷ്യന്റെ ഒരു ചെറിയ ചുവടുവെപ്പാണ്, മനുഷ്യരാശിക്കുള്ള ഒരു ഭീമാകാരമായ കുതിപ്പ്." കോളിൻസ്, ആൽഡ്രിൻ എന്നിവർക്കൊപ്പം ആംസ്ട്രോങ്ങിന് പ്രസിഡന്റ് റിച്ചാർഡ് നിക്സൺ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം നൽകി ആദരിച്ചു. പ്രസിഡന്റ് ജിമ്മി കാർട്ടർ 1978 ൽ ആംസ്ട്രോങ്ങിന് കോൺഗ്രഷണൽ സ്പേസ് മെഡൽ ഓഫ് ഓണർ സമ്മാനിച്ചു, ആംസ്ട്രോങ്ങിനും അദ്ദേഹത്തിന്റെ മുൻ ക്രൂമെറ്റുകൾക്കും 2009 ൽ ഒരു കോൺഗ്രസ് സ്വർണ്ണ മെഡൽ ലഭിച്ചു.

1971 ൽ നാസയിൽ നിന്ന് രാജിവച്ച ശേഷം ആംസ്ട്രോംഗ് 1979 വരെ സിൻസിനാറ്റി സർവകലാശാലയിലെ എയ്റോസ്പേസ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ പഠിപ്പിച്ചു.

## കാർത്തിക് ബി. എസ്

9B



# സ്പേസ് സ്യൂട്ട്

ബഹിരാകാശത്ത് സൂര്യപ്രകാശത്തിന് ഡിഗ്രി സെൽഷ്യസിൽ കൂടുതൽ ചൂടുണ്ട് .വെള്ളം തിളയ്ക്കുന്നചൂട് .ധമനികളിൽ രക്തം ഈ ചൂടിൽ തിളച്ചുമറിയും. സൂര്യപ്രകാശമേൽക്കാത്ത വശത്ത് മരവിപ്പിക്കുന്ന തണുപ്പും .കൂടാതെ മാരക സൗരവികാരണങ്ങളായ എക്സ് റേ തുടങ്ങിയവ ചർമ്മത്തെയും കണ്ണുകളെയും കരിച്ചുകളയും .
ബഹറ്കാശത്ത് സഞ്ചരിക്കുന്ന ഒരു മണൽത്തരിപോലും വെടിയുണ്ടയേക്കാൾ മാരകമാണ് .7.7 കി .മീ വേഗതയിലാണ് ഇവയുടെ സഞ്ചാരം .ഇതിനെയെല്ലാം നേരിടാൻ തക്കവിധം സൂക്ഷ്മതയോടെ തയ്യാറാക്കിയതാണ് സ്പേസ് സ്യൂട്ട് .

നടക്കാൻ സഹായിക്കുന്ന റോക്കറ്റ്
ബഹിരാകാശ സഞ്ചാരിയെ ഭാരമില്ലാത്ത അവസ്ഥയിൽ ഒറ്റക്ക് നടക്കാൻ സഹായിക്കുന്നത് M M U (Manned Maneuvering Unit) എന്നറിയപ്പെടുന്ന സംവിധാനമാണ്. 24 നൈട്രജൻ റോക്കറ്റുകൾ ആണ് ഇതിൽ പ്രധാനം .ഇരുകൈകളോടൊപ്പമുള്ള നിയന്ത്രണ ലിവറുകൾ പ്രവർത്തിപ്പിച്ച് സഞ്ചാരിക്ക് റോസികെട്ടുകളെ പ്രവർത്തിപ്പിക്കാം . സ്വർണം പൂശിയ ഹെൽമെറ്റ്
അസ്ട്രോണറ്റ് ധരിക്കുന്ന ഹെൽമെറ്റ് ഗ്ലാസിൽ സ്വർണം നേർത്ത പാളിയായി പൂശിയിട്ട് ഉണ്ട് .ആപത്തുകാരമായ സൗരവികാരങ്ങളെ അരിച്ചു മാറ്റാനാണിത്

**ലക്ഷ്മി ദിനേശ്**

**9B**

# കവിതകളിലേക്ക് കടക്കാം....

# ദൂരെ ദൂരെ ഒരു ബാല്യം



**ഓർമ്മകൾക്കു എന്ത് ബാല്യം എന്ന് ഞാൻ**
**നിനച്ചുപോയ്യി കാലമിത്രയും കഴിഞ്ഞീടവെ**
**സന്ധ്യ മായും നേരം പകലിനോട്ടു**
**അടുക്കുന്നപോൽ .......**
**ഓർമ്മതൻ പൂക്കാലം മനസ്സിൽ നിന്ന് മായുമ്പോൾ**
**പൂക്കൾതൻ സുഗന്ധം മായ്യാതെ.......**
**വീണ്ടും തിരുമുറ്റത്തെത്തുമ്പോൾ ....**
**ഉണ്ണി കാലടികൾ പിച്ചനടന്നൊരാമണ്ണിനേയും**
**പിച്ചവച്ച നാളത്രയും അമ്മതൻ കൈപ്പിടിച്ചു**
**ഓരോ ദിനങ്ങളും പിന്നിട്ടതറിയാതെ**
**ഓർത്ത് നിൽപ്പൂ ഞാൻ.....**
**ഒരിക്കലും വാറ്റാത്ത അമ്മതൻ സ്നേഹവും**
**ഓർമയിലെ വേദനയിൽ ഇന്നും**
**സൂക്ഷിച്ചിട്ടുന്നു.......**
**കാലമിത്ര കഴിയുമ്പോഴും ഞാൻ ഓർക്കുന്നു**
**ഒരിക്കലും തിരിച്ചുകിട്ടാത്ത.......**
**ഓർമ്മകൾക്കെന്തു ബാല്യം**

**എസ്. എസ് ശാന്തനൻ**

9B

# അറിയാൻ

കൈരളി വീണതെൻ കമ്പിയിലേക്കൊരു
ശ്രുതി മീട്ടുവാനെൻ കൈതുടിക്കെ
കഴിയുന്നില്ലെങ്കിലും അറിയുന്നു ഞാൻ
എന്നുടെ വർഷമാം രോദനങ്ങൾ.




നിന്നുടെ കണ്ണീരൊപ്പുവാൻ വന്നവർ
എന്തുകൊണ്ടെന്നെ കണ്ടതില്ല
ശരങ്ങൾക്ക്  നേരെ ഞാൻ മൂകയായി
എങ്കിലും ക്രൂരത എന്നുള്ള വാക്ക് മാത്രം

**അമൽ രാജ്**

10A

# കറുത്ത പൂവ്

ആടി എടി പെണ്ണെ അതു  കണ്ടോ ഒരു പൂവ്
ഇതളഞ്ചും ഉള്ളൊരു കറുത്ത പൂവ്
ആടി അതു കണ്ടിട്ടെൻ
മനമോ തുള്ളുന്നു
നിന്നെ പോലൊരു പൂവ്
അഴകൊള്ളൊരു പൂവ്
അഴകുള്ള പുഴയുടെ തീരത്തു നിൽക്കുന്നു.
നീ എന്തെ ഇങ്ങനെ പറയുന്നെ പൂവേ
അറിയുന്നു നിൻ നോവ്
എന്നോളം ആഴത്തിൽ
കഥയെത്ര കേട്ടാലും കാലം കഴിഞ്ഞാലും
കണ്ണീരിൻ നിറമെന്നും
നിൻ നിറം സുന്ദരി

**ജദീദിയ ജി. വി**

10 B

# ദാരിദ്ര്യത്തിന്റെ വേദന



**ആഘോഷ മഴയായി മാറുമ്പോൾ**

**തെരുവിന് മക്കൾക്കെന്നും**

**കൂട്ടായി ദാരിദ്ര്യം മാത്രം**

**തീയും പുകയും ഇല്ലാതെ**

**എരിയുകയാണെന്നും**

**തെരുവിന് മക്കൾ തൻ**

**ഉദരം അതെന്നും**

**ആശ്വാസത്തിന്റെ അലിയും വാക്കുകൾ**

**അമ്മ മനസ്സ് പറയുമ്പോൾ**

**ഹൃദയമിടിക്കും ശബ്ദത്താൽ**

**അമ്മ മനസ്സ് പിടയുന്നു**

**കാതോർത്തിടുന്നു ദൈവത്തിന്റെ**

**കരുണ എന്നെന്നും**

**എന്നും പിറക്കും ദാരിദ്ര്യത്തിന്**

**ശാപം പതിയാതൊരു ഭൂമി.**

# പുലർ കാലം

മൗനമാം ചെപ്പിൽ വിടർന്നൊരാ പുലരൊളി -
മഞ്ഞിന്റെ മാറാപ്പും നെറുകിലായി ചാർത്തി
വിന്നിലൊരു പുലർകാലം കുറിച്ചിട്ട വരികളെ
വിണ്ണിന്റെ സൗരഭ്യം അനന്യമായി വെച്ച
കുരവ യിടാൻ കാത്തുനിൽക്കുന്ന പക്ഷികൾ
മഞ്ഞിന്റെ മാറിൽ ഉറങ്ങിയോ അറിയാതെ
ഓരോ തളിരിതൻ നമ്പിന്റെ മിഴിയിൽ നിന്നും
കണ്ണീർകണമെന്ന പോളിതു ഉതിർന്നിറങ്ങീടുന്നു
മഞ്ഞുതൻ നനുത്തയാ നീർക്കണം
തളിർണാമ്പിലൂടതുപിന്നെയും ഭൂമിതൻ മടി -
തട്ടിൽ വീണുറങ്ങിടുന്നു ഏകമായി ,ഏകാന്തസാന്ദ്രമായി
വായുതൻ താളിലായി വെളുത്തയാ ആ പുകമഞ്ഞും
അറിയാതെ കോരിത്തരിന്നിതാ ജനനിതൻ വിധിയേ
കുയിൽ നാമങ്ങു പിന്നെയും പുലരിതൻ
പൊൻതിളക്കങ്ങളൊത്തിടുന്നു .
സുര്യതിലകം മാനത്ത് ചിന്നിച്ചിതറി ഉദിച്ചി -
ടുന്നെപ്പോഴോ പിന്നെയും,-
അറിയാതയപുലര്കാലവും മയങ്ങീടുന്നു .
മഞ്ഞുനീർകണമേ നിന്നെ വീണ്ടുമീ-
നമ്പിൽ വെച്ചോമനിക്കാൻ

**എസ്.എസ് ശാന്തനൻ**

**9B**

# നിഴൽപ്പാട്ടുകൾ



അറിയുന്നു ഞാൻ നിന്റെ മൗനം
അതിലലിയുന്നു ഞാനിന്നു നിത്യം
തേങ്ങുന്നു മനമെന്റെ ഉള്ളം
അതറിയുന്നു മനമെന്റെ ഉള്ളം
മൗനത്തിൽ അർത്ഥമെന്തു വ്യാപ്തം
അതറിയുന്നു ഞാനിന്നു മൗനി
പരസ്പരം പറയാതെ ,
തമ്മിൽ അറിയുന്ന നാം -
ചേരുന്ന നാളിന്നു വിദൂരം
അതോർത്തിരിക്കേണ്ടെന്നു തോന്നുമ്പോൾ
എന്നിലെ കണ്മഷി പടർന്നു
ഞാനതെന്തോടോ സ്തോഭഭാവമായ്.....?

**അരുണിമ എം. എസ്**

**9B**

# ഭ്രാന്ത ചിത്തൻ

ഇന്നെന്തിനെന്നെ പിന്തുടരുന്നു
പൊട്ടിച്ചിരിയാൽ ഭയപ്പെടുത്തുന്നു
ബാലിഷ്ഠിമായ കരങ്ങൾ ചേർത്തണക്കുന്നു
കൺമുന്നിലായി വലിച്ചിഴക്കുന്നു
സോദരാ വിട്ടയക്കു ഇന്നെന്നേയും
ഇറ്റുനേരം കൊണ്ടിന്നെന്നയോ
മണ്ണിലാഴ്ത്തി ചിരിക്കവേ
ചുറ്റുമൊരായിരം കാണികൾ
ഉറ്റുനോക്കുന്നു സഹതാപം മാത്രമോ
ഒട്ടുവിലായി ശ്വാനൻ എനിക്കായി കരയുന്നു
ബലിക്കാക്ക പറയുന്നു മഹാകഷ്ടം
എല്ലാം അതിൻ വിധിയൊന്ന് മാത്രം...............

**അർച്ചന ദേവ്**
9B

# ഡിജിറ്റൽ പെയിന്റിംഗ്



**സ്വാതിഷ് രാജു**

**9A**

LK/2018/39012

# little KITEs

# ലിറ്റിൽ കൈറ്റ്സ്....